Deivarajyam January 2019
●R.N.7623/63
Registered No. KL/ALY/0020/2017-2019 ●R.N. 7623/1963
Date of publication: 1/1/2019
●Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. John the Baptist


St. Chavara Kuriakose


St. John Bosco


St. Sebastian


St. Thomas Aquinas



The Four Evangelists

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ജനുവരി 2019 വാല്യം 58 ലക്കം 1

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



2019

പുതുവത്സരാശംസകൾ






## രൂപത പ്രാർത്ഥനാദിനം – കരിമണ്ണൂർ





# ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 58
ജനുവരി 2019
ലക്കം 1

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 യുവജനവർഷം: സർക്കുലർ
8 കർഷകർ ഒരു കുടക്കീഴിൽ ഇൻഫാം കർഷകദിനം – ജനുവരി 15
11 2019 ക്രൈസ്തവ ഐക്യത്തിനായുള്ള അഷ്ടദിന പ്രാർത്ഥനാശുശ്രൂഷ
28 രൂപതക്കച്ചേരി
31 മൈനർ സെമിനാരി
32 വിജ്ഞാനഭവൻ
39 വിദ്യാഭ്യാസം
40 സോഷ്യൽ സർവീസ്
40 ചെറുപുഷ്പ മിഷൻലീഗ്
41 കെ.സി.എസ്.എൽ.
44 ഫാമിലി അപ്പോസ്തലേറ്റ്
46 മാതൃവേദി
47 DCMS
48 മദ്യവിരുദ്ധസമിതി
48 ഡി.എഫ്.സി.
49 യുവദീപ്തി
50 ജീസസ് യൂത്ത്
50 എ.കെ.സി.സി.
51 അല്മായഫ്രാൻസിസ്കൻ സഭ
51 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
53 കേരള ലേബർ മൂവ്മെന്റ്
53 നെസ്റ്റ് പ്രോഗ്രാം
54 തിരുനാൾ മംഗളങ്ങൾ
55 രൂപതാദ്ധ്യക്ഷന്റെ ഡയറി
56 Bishop's Engagements
56 സന്യാസസമൂഹത്തിന്റെ പുതിയ ഭാരവാഹികൾ
57 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
58 നിര്യാതരായി



## പള്ളിയിൽ അറിയിക്കുവാൻ

### ജനുവരി

| | Page |
|---|---|
| സീറോമലബാർ പ്രേഷിതവാരം | 28 |
| സഭൈക്യവാരം | 28 |
| ലോകസമാധാനദിനം | 28 |
| രൂപതാ പ്രാർത്ഥനാദിനം | 29 |
| രൂപതാകൺവെൻഷൻ | 30 |

## തിരുനാളുകൾ

| | |
|---|---|
| 01 | നമ്മുടെ കർത്താവിന്റെ നാമകരണം |
| 03 | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 05 | ദൈവമാതൃത്വതിരുനാൾ |
| 06 | ദനഹാത്തിരുനാൾ |
| 12 | വി. യോഹന്നാൻ മാംദാന |
| 20 | വി. സെബസ്ത്യാനോസ് |
| 26 | വി. സുവിശേഷകന്മാർ |
| 27 | വി. തോമസ് അക്വീനാസ് |

# യുവജനവർഷം : സർക്കുലർ

ഈശോയിൽ സ്നേഹമുള്ള സഹോദരീ സഹോദരന്മാരെ,

"നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ 3:32) എന്ന ലൂക്കാ സുവിശേഷകന്റെ വാക്കുകളെ മുൻനിറുത്തി കേരള കത്തോലിക്കാസഭ 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജനവർഷമായി ആചരിച്ചു. 'യുവജനം, വിശ്വാസം, വിളി സംബന്ധമായ വിവേചിച്ചറിയൽ' എന്നതായിരുന്നു യുവജനവർഷത്തിന്റെ പഠനവിഷയം. കേരള കത്തോലിക്കാസഭയിൽ കെ.സി.വൈ.എം. എന്ന യുവജനപ്രസ്ഥാനം ആരംഭിച്ചിട്ട് 40 വർഷങ്ങൾ പിന്നിടുകയാണ്. അതോടൊപ്പം 2018 ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ വച്ച് നടന്ന മെത്രാന്മാരുടെ 15-ാമത് സിനഡിന്റെ വിഷയവും യുവജനങ്ങളെക്കുറിച്ചുള്ളതായിരുന്നു. സഭയ്ക്ക് യുവജനങ്ങളോടുള്ള സ്നേഹവും താല്പര്യവും ഉറപ്പുവരുത്താനും അവരുടെ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ പങ്കാളികളാക്കുവാനുമായിട്ടാണ് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ സിനഡിൽ യുവത്വം ചർച്ചാവിഷയമാക്കിയത്. ഈ പശ്ചാത്തലത്തിലാണ് കേരളകത്തോലിക്കാസഭ യുവജനവർഷം പ്രഖ്യാപിച്ചത്. ഈ ആഘോഷങ്ങളുടെ പരിസമാപ്തി ഘട്ടത്തിൽ നമ്മൾ എത്തിനിൽക്കുമ്പോൾ എല്ലാ യുവജനങ്ങൾക്കും യുവജനഗ്രൂപ്പുകാർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

നമ്മുടെ രൂപതയിൽ കഴിഞ്ഞ ഒരു വർഷക്കാലം യുവജനങ്ങൾക്കായി വിവിധങ്ങളായ ശുശ്രൂഷകൾ എല്ലാ ഇടവകകളിലുംതന്നെ നടത്തി എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇക്കഴിഞ്ഞ പ്രളയകാലത്ത് നമ്മുടെ യുവജനങ്ങൾ ചെയ്ത ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ ഈ അവസരത്തിൽ പ്രത്യേകമാംവിധം അനുസ്മരിക്കുന്നു. 2018 ഒക്ടോബർ 20-21 തീയതികളിലായി നടത്തപ്പെട്ട 'യൂത്ത് അസംബ്ലി'യിൽ ഇടവകകളെ പ്രതിനിധീകരിച്ച് 160 യുവജനങ്ങൾ പങ്കെടുക്കുകയുണ്ടായി. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ വിഷയങ്ങളെപ്പറ്റി പഠിക്കുവാനും ചർച്ചകൾ നടത്തുവാനും "Acts 2025" എന്ന ഒരു വിഷൻ പ്ലാൻ തയ്യാറാക്കുവാനും ഈ യൂത്ത് അസംബ്ലിക്ക് സാധിച്ചു. യുവജനവർഷാചരണത്തിന്റെ രൂപതാതല സമാപനം 2019 ജനുവരി 5-ാം തീയതി വാഴക്കുളം വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെട്ടത് ഏറെ അഭിനന്ദനാർഹമായ കാര്യമാണ്.

യുവജനവർഷം സമാപിക്കുകയാണെങ്കിലും യുവജനശുശ്രൂഷകൾ ഒരിക്കലും അവസാനിക്കേണ്ടവയല്ല. 'ഈ ലോകം പണിയപ്പെടേണ്ടത് യുവജനങ്ങളിലൂടെയാണ്' എന്ന വി. പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകൾ യുവജനശുശ്രൂഷയുടെ പ്രാധാന്യത്തെ വെളിവാക്കുന്നു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ഈ ആധുനിക സംസ്കാരത്തിൽ യുവജനങ്ങൾ നിരവധിയായ വെല്ലുവിളികൾ നേരിടുന്നുണ്ട്. ഈ വെല്ലുവിളികളെ തരണം ചെയ്ത് മുമ്പോട്ടുപോകണമെങ്കിൽ യുവജനങ്ങളെ സഭാഗാത്രത്തോട് ചേർത്ത് നിറുത്തിയേ മതിയാവൂ.



യുവജനവർഷാചരണത്തിന്റെ വിഷയം പ്രതിപാദിക്കുന്നതുപോലെ, യുവജനങ്ങൾ ഒന്നാമതായി തിരിച്ചറിയേണ്ടത് ഈ യുവത്വം ഒരു ദൈവവിളിയാണ് എന്ന വസ്തുതയാണ്. ആ വിളിയെ ആഴത്തിൽ വിവേചിച്ചറിയണമെങ്കിൽ വിശ്വാസത്തിന്റെ തീവ്രമായ അനുഭവങ്ങളിലൂടെ കടന്നുപോകണമെന്നും, അബ്രാഹത്തിന്റെ വിളിയെ പരാമർശിച്ചുകൊണ്ട് (ഉല്പ. 12:1) ഫ്രാൻസീസ് മാർപാപ്പ യുവജനങ്ങളെ ഉദ്ബോധിപ്പിക്കുന്നു: "അജ്ഞാതമെങ്കിലും നിശ്ചയമായും പൂർത്തീകരണത്തിലേക്കു നയിക്കുന്ന ഒരു ഭാവിയിലേക്ക്, അവിടുന്ന് തന്നെ നിങ്ങളെ സഹഗമിക്കുന്ന ഒരു ഭാവിയിലേക്ക്, ഒരു യാത്ര പുറപ്പെടാൻ അവിടുന്ന് നിങ്ങളെ ക്ഷണിക്കുന്നു." ക്രിസ്തുവിനെ അന്വേഷിച്ചറിയാനും അവിടത്തെ രക്ഷാകരസന്ദേശം ഗ്രഹിക്കാനും യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനും അവിടത്തെ സ്നേഹം അനുഭവിച്ചറിയുവാനും യുവജനങ്ങൾക്ക് കഴിയണം. ഫ്രാൻസീസ് മാർപാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഇപ്രകാരം പറയുന്നു: "നിങ്ങൾ എവിടെ ആയിരുന്നാലും സ്നേഹത്തിലധിഷ്ഠിതമായ ജീവിതം നയിക്കുകയും എല്ലാറ്റിലും സാക്ഷ്യം വഹിക്കുകയും ചെയ്തുകൊണ്ട് വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു" (No. 14).

നമ്മുടെ എല്ലാ ഇടവകകളുടെയും ചൈതന്യവും ജീവനുമായി യുവജനങ്ങൾ രൂപാന്തരപ്പെടണം. വിശ്വാസപരിശീലനം 12-ാം ക്ലാസ്സുകൊണ്ട് പൂർണ്ണമാകുന്നില്ല. തുടർന്നുള്ള വിശ്വാസപരിശീലനം നമ്മുടെ യുവജനങ്ങൾക്ക് ലഭ്യമാകുന്നത് യുവദീപ്തി, ജീസസ് യൂത്ത് മുതലായ യുവജനപ്രസ്ഥാനങ്ങളിലൂടെയാണ്. യഥാർത്ഥവിശ്വാസം യുവജനങ്ങൾക്ക് പകർന്നു നൽകുന്നതിനായി യുവജനമതബോധനം ഇടവകതലത്തിൽ നടത്തുക ഇന്നിന്റെ ആവശ്യമായിത്തീർന്നിരിക്കുന്നു. ആധ്യാത്മികതയിലും ബൗദ്ധികവളർച്ചയിലും സാമൂഹികസാംസ്കാരിക മുന്നേറ്റങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും മുന്നിട്ടു നിൽക്കുന്ന തീക്ഷ്ണതയുള്ള യുവജനങ്ങളെയാണ് തിരുസഭയ്ക്കാവശ്യം. സഭയെയും വിശ്വാസസത്യങ്ങളെയും തകർക്കാൻ വെമ്പൽകൊള്ളുന്ന എല്ലാ ശക്തികൾക്കുമെതിരെ പടവാളേന്തി അണിനിരക്കേണ്ടത്

വിശ്വാസത്തിന്റെ കാവൽക്കാരായ യുവജനങ്ങളാണ്. തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ തിരുസഭയുടെ ശബ്ദമായി മാറേണ്ടതും ക്രൈസ്തവ യുവജനതയാണ്.

നമ്മുടെ രൂപതയിൽ ഇടവക - ഫൊറോന, രൂപതാതലങ്ങളിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടത് നാമോരോരുത്തരുടെയും കടമയാണ്. 'കുടുംബം വിശ്വാസപരിശീലനക്കളരി' എന്ന നിലയിൽ യുവജന ശുശ്രൂഷയിൽ സുപ്രധാനമായ പങ്കുവഹിക്കേണ്ടത് മാതാപിതാക്കളാണ്. ഇതോടൊപ്പം ഓരോ ഇടവകയിലും ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ സന്യസ്തരും, ഇടവകജനവും ഒറ്റക്കെട്ടായി യുവജനങ്ങളെ വളർത്തിയെടുക്കുന്നതിൽ സ്ഥിരോത്സാഹികളാകണം. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ 'യുവത്വം എന്ന നിധി' എന്ന അപ്പസ്തോലിക ലേഖനത്തിൽ പ്രതിപാദിക്കുന്നതുപോലെ "യുവജനങ്ങളാണ് ഓരോ കുടുംബത്തിന്റെയും മനുഷ്യവംശത്തിന്റെയും യൗവനം, സഭയുടെ യുവത്വവും യുവജനങ്ങൾ തന്നെ." അതുകൊണ്ട് യുവത്വം യുവജനങ്ങളുടെ മാത്രം സ്വത്തല്ല; സഭയുടെ മുഴുവൻ സ്വത്താണ്.

കാലഘട്ടത്തിന്റെ ആവശ്യകത മനസ്സിലാക്കി നമ്മുടെ എല്ലാ ഇടവകകളിലും യുവജനപ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ എല്ലാവരോടും അഭ്യർത്ഥിക്കുകയാണ്. മാതാപിതാക്കൾ മക്കളെ യുവജനപ്രസ്ഥാനത്തിൽ അംഗങ്ങളാക്കുന്നതിൽ അഭിമാനിക്കണം. പ്രോത്സാഹനവും സ്നേഹപൂർവ്വകമായ തിരുത്തലും നല്ല മാതൃകയും നൽകി മുതിർന്നവർ യുവജനങ്ങളെ അനുഗ്രഹിക്കണം. സ്നേഹത്തോടും സഹിഷ്ണുതയോടും കൂടെ അജപാലകർ അവരെ പ്രോത്സാഹിപ്പിക്കണം. സർവ്വോപരി, നാമെല്ലാവരും യുവജനശുശ്രൂഷയുടെ വിജയത്തിനായി പ്രാർത്ഥിക്കണം. യുവജന ശുശ്രൂഷകർക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേർന്നുകൊണ്ട് നിങ്ങളെ ഓരോരുത്തരെയും പരിശുദ്ധ അമ്മയുടെ കരങ്ങളിലേക്കും യുവജനമദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ മാധ്യസ്ഥ്യത്തിലേക്കും സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB. ഈ സർക്കുലർ ജനുവരി 6-ാം തീയതി എല്ലാ ഇടവകകളിലും വി. ബലിയർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്.



# കർഷകർ ഒരു കുടക്കീഴിൽ ഇൻഫാം കർഷകദിനം ജനുവരി 15

ഈശോയിൽ പ്രിയ സഹോദരങ്ങളെ,

എല്ലാവർഷവും ജനുവരി 15, കേരളസഭ 'കർഷകദിനമായി' ആചരിക്കുന്ന ദിവസമാണ്. കർഷകജനതയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കി രൂപംകൊണ്ട വലിയൊരു മുന്നേറ്റമാണ് 'ഇൻഫാം'. ഒരു പതിറ്റാണ്ടിലേറെയായി പല കർഷകസ്വപ്നങ്ങളും യാഥാർത്ഥ്യമാക്കാൻ ഇൻഫാമിനു സാധിച്ചു. ഇതിന്റെ പിന്നിൽ വലിയ പങ്കുവഹിക്കുന്നതോടൊപ്പം അക്ഷീണമായി പരിശ്രമിക്കുകയും ചെയ്യുന്ന എല്ലാവരെയും നന്ദിയോടോർക്കുന്നു.

ഇൻഫാമിന്റെ പ്രസക്തി വളരെ ശക്തമായി വർദ്ധിച്ചിരിക്കുന്ന ഒരു സമയമാണിത്. മാനവരാശിയുടെ നിലനില്പിനാധാരമായ കാർഷികവിഭവങ്ങളുടെ ഉല്പാദനം ദൈവികവേലയാണ്. കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ ജീവന്റെ ഭാഗമാണത്. ജലപ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളും, അഴിമതിയും, ചൂഷണവും, വിലത്തകർച്ചയും നിക്ഷിപ്ത താത്പര്യങ്ങളോടുകൂടിയ രാഷ്ട്രീയ ഇടപെടലുകളും വിഭവങ്ങളുടെ പ്രാഥമിക ഉല്പാദകരായ കർഷകരെ അങ്ങേയറ്റം പ്രതിസന്ധിയിലാക്കി. വൻകിട കച്ചവടക്കാരുടെയും വ്യവസായികളുടെയും താളത്തിനൊത്ത് തുള്ളുന്ന ഭരണകൂടനയം കൂടിയായപ്പോൾ ഈ പ്രതിസന്ധി രൂക്ഷമായി. ഇതെല്ലാം കൂടിച്ചേരുമ്പോൾ സമ്പൂർണ്ണമായ അർത്ഥത്തിൽ കർഷകരോടുള്ള ചതി എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഒരു കാലത്ത് കൃഷിയും കൃഷിയിടങ്ങളും മനുഷ്യന് പ്രതീക്ഷയും ആത്മസംതൃപ്തിയും സുരക്ഷിതത്വവും നല്കിയിരുന്നു എന്നാൽ ഇന്നിത് അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന സാഹചര്യമാണ്. ഈ കൃഷിയിടങ്ങളെ നോക്കി നെടുവീർപ്പെട്ടുകൊണ്ട് നിരാശയുടെ വക്കിൽ കർഷകൻ ആത്മഹത്യയിലേക്ക് തിരിയുന്നു. രാജ്യം മുഴുവൻ അലയടിച്ചുയരുന്ന കർഷകമുന്നേറ്റങ്ങൾ ഈ വസ്തുതയ്ക്ക് അടിവരയിടുന്നതാണ്.

കേരളത്തിൽ കർഷകനെ ഈ ദുരവസ്ഥയിലേക്കെത്തിച്ചത് പല ഘടകങ്ങളാണ്. കൃഷി ചെയ്യുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള തർക്കവും പട്ടയം കിട്ടാത്ത അവസ്ഥയും അതിൽ പ്രധാനമാണ്. അതുകൊണ്ട് സ്വന്തം അധ്വാനത്തിന്റെ ഫലം കണ്ട് അഭിമാനിക്കേണ്ട കർഷകമനസ് കള്ളനെപ്പോലെ നടക്കേണ്ട ദുരവസ്ഥയിലേക്കെത്തിച്ചേർന്നിരിക്കുന്നു. കാരണം ഭൂമിക്കുമേൽ ഇപ്പോഴുള്ള അവ

കാശങ്ങൾകൂടി നഷ്ടപ്പെടാൻ പോകുന്നു. ഉള്ള പട്ടയത്തിന്മേൽ ഉപാധികൾ വയ്ക്കപ്പെടുന്നു. (ഗാഡ്ഗിൽ, കസ്തൂരിരംഗൻ). കൈവശമുള്ളതുപോലും അന്യാധീനപ്പെടുന്ന ദുരവസ്ഥയാണത്. ഉപാധിരഹിതപട്ടയമില്ലാത്തതിനാൽ ലോണോ സബ്സിഡികളോ ലഭിക്കാനുള്ള അർഹതയും നഷ്ടപ്പെടുന്നു. ജനപ്രതിനിധികളെയും കർഷകരെയും പോലും ഉൾക്കൊള്ളിക്കാതെ തയ്യാറാക്കിയ മാധവ ഗാഡ്ഗില്ലും, കസ്തൂരിരംഗൻ റിപ്പോർട്ടും എം.എസ് സ്വാമിനാഥൻ റിപ്പോർട്ടും എല്ലാം സമഗ്രമായ പഠനശേഷം തയ്യാറാക്കിയിരുന്നുവെങ്കിൽ കൂടുതൽ അനുയോജ്യമായേനെ.

ഇക്കാലത്തെ കാർഷികപ്രശ്നങ്ങൾ ചെറുതല്ല. വർഷങ്ങളുടെ ഈ തളർച്ച ഇന്ന് കർഷകനെ കൃഷിഭൂമി വിഭജിച്ച് വിൽക്കാൻ പ്രേരിപ്പിക്കുന്നു. കച്ചവടക്കണ്ണോടെ കർഷകഭൂമിയെ നോക്കുന്ന ലാൻഡ് മാഫിയകൾ മോഹവിലയും കൊടുത്ത് കർഷകഭൂമിയെ തുണ്ടംതുണ്ടമാക്കിക്കൊണ്ടിരിക്കുന്നു. മറ്റൊരു ദുരിതം വിത്തിന്റെ അഭാവം ആണ്. ബഹുരാഷ്ട്രകമ്പനികളുടെ ഇടപെടലുകളും അവയ്ക്ക് തടയിടാൻ പര്യാപ്തമല്ലാത്ത സർക്കാർ നിലപാടുകളും കർഷകവിത്തിന്റെ പത്തായങ്ങളെ ശൂന്യമാക്കിയിരിക്കുന്നു. ജനിതകമാറ്റം വരുത്താത്ത സ്വന്തം വിത്തിനങ്ങൾ എന്ന കർഷകസ്വപ്നവും പൊലിഞ്ഞുപോയിരിക്കുന്നു. അതുപോലെതന്നെ പ്രാദേശിക സർക്കാരുകൾക്ക് വളങ്ങളുടെയും കീടനാശിനികളുടെയും നിർമ്മാണത്തിനുമേൽ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് വളങ്ങളുടെ ഉൽപാദനം ബഹുരാഷ്ട്രകമ്പനികളുടെ കുത്തകയായി. ക്രമാതീതമായ രാസവസ്തുക്കളുടെ ഉപയോഗമാകട്ടെ മണ്ണിലെ സർവ്വ പ്രകൃതിദത്ത ലവണങ്ങളും നശിച്ചുപോകുന്നതിന് കാരണമായി. അതുപോലെ തന്നെ ജലസേചനത്തിന്, പാഴായിപോകുന്ന ജലം തടയാനുള്ള ശാസ്ത്രീയമാർഗ്ഗങ്ങളുമായി നാം ഏറെ ദൂരം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. ഒപ്പം ജലം തകർത്തെറിഞ്ഞ പ്രളയത്തിന്റെ മുറിപ്പാടുകൾ മായിച്ച് ലോകജനതക്കുമുമ്പിൽ അതിജീവനത്തിന്റെ മാതൃക നൽകിയതിൽ നമുക്ക് അഭിമാനിക്കാം.

എക്കാലവും കർഷകരെ ദുരിതത്തിലാക്കുന്ന മറ്റൊരു പ്രധാന പ്രശ്നം ഉത്പന്നങ്ങളുടെ വിലസ്ഥിരത ഇല്ലായ്മയാണ്. മറ്റു രാജ്യങ്ങൾ അവരുടെ കാർഷികവ്യവസായ ഉത്പന്നങ്ങൾക്ക് വിലയും താങ്ങുവിലയും നിശ്ചയിച്ച് കർഷകരിൽ എത്തിച്ചപ്പോൾ ഇന്ത്യക്കത് സാധിച്ചില്ല. തത്ഫലമായി വില നിശ്ചയിക്കുന്നത് ഇടനിലക്കാരും കുത്തക കമ്പനികളുമായി. സാമ്പത്തികമായ പരാധീനതമൂലം കിട്ടുന്ന വിലക്ക് തന്റെ ഉല്പന്നങ്ങൾ വിൽക്കാൻ കർഷകൻ നിർബന്ധിതനാകുന്നു. പ്രത്യേകിച്ചും ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവഉത്പന്നങ്ങൾക്കുപോലും മാന്യമായ വില ലഭിക്കുന്നില്ല. റബർ ഉത്പാദനത്തിൽ ഇറക്കുമതി നിയന്ത്രിക്കാതെ കർഷകന് രക്ഷയുണ്ടാവില്ല. നിസാരമായ തുക ഡ്യൂട്ടി കൊടുത്ത് വലിയ ടയർ കമ്പനികൾ വൻതോതിൽ റബർ ഇറക്കുമതി ചെയ്യുന്നു. '50%' ഗവൺമെന്റ് സബ്സിഡി നല്കിക്കൊണ്ടിരുന്ന പല ഉത്പന്നങ്ങൾക്കും ഗാട്ട് കരാർ വന്നതോടുകൂടി 5% എന്ന നിലയായി. ഇതിനൊപ്പം തന്നെ എല്ലാ നാണ്യവിളകളുടെയും ഉല്പാദനച്ചിലവു കൂടിയതും കർഷകരുടെ ദുരിതം വർദ്ധിപ്പിച്ചു. ഉല്പന്നത്തിനു വില നിശ്ചയിക്കുവാൻ കർഷകൻ കരുത്തുള്ളവനായെങ്കിലെ കൃഷി വിജയിക്കുകയുള്ളൂ.



അടുത്ത കാലത്തായി കർഷകർ നേരിടുന്ന മറ്റൊരു പ്രതിസന്ധി വന്യമൃഗങ്ങളുടെ ആക്രമണം ആണ്. ഇവയെ സംരക്ഷിക്കാൻ ഗവൺമെന്റ് എടുക്കുന്ന നിലപാടിന്റെ പത്തിലൊന്ന് കർഷകരെ സംരക്ഷിക്കാൻ വേണ്ടി എടുത്തിരുന്നെങ്കിൽ കാർഷികമേഖല എന്നേ രക്ഷപെട്ടേനെ. ഊണും ഉറക്കവുമില്ലാതെ താലോലിച്ചു വളർത്തിയ വിളകൾ വന്യമൃഗങ്ങൾ നശിപ്പിക്കുമ്പോൾ നിസഹായരായിത്തീരുകയാണ് കർഷകർ. മൃഗസ്നേഹത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരിൽ നടത്തുന്ന കാപട്യങ്ങൾ തിരിച്ചറിഞ്ഞ് കർഷകന്റെ സ്വത്തും ജീവനും വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞ് പുതിയ നിയമനിർമ്മാണങ്ങൾ വരണം.

ഇന്നത്തെ കാർഷികമേഖലയിൽ ക്രിയാത്മകമായ ചില മാറ്റങ്ങൾ അനിവാര്യമായിരിക്കുന്നു. അതിൽ ഏറ്റവും കാതലായത് ശക്തമായ സംഘടനാപ്രവർത്തനങ്ങളാണ്. ജാതി - മത - രാഷ്ട്രീയ ഭേദമെന്യേ 'കർഷകർ' എന്ന കുടക്കീഴിൽ വേണം നാം ഒന്നിക്കാൻ. ഗ്രാമതലങ്ങളിൽ കർഷകർ സംഘടിക്കണം. കർഷക ഉന്നമനം മാത്രം ലക്ഷ്യം വച്ച് കൂട്ടായ്മയോടെ പ്രവർത്തിക്കണം. പരമ്പരാഗത കൃഷിരീതികൾക്കൊപ്പം നൂതനമായ കൃഷിരീതികളും അവലംബിക്കണം. ഗവണ്മെന്റ് ജോലിയിലോ ഓഫീസ് വർക്കിലോ മാത്രം സായൂജ്യം കാണാതെ കൃഷിയോട് താത്പര്യമുള്ള യുവജനങ്ങളുടെ ഒരു തലമുറയും വളർന്നുവരണം.

കുഞ്ഞുങ്ങളെ നാം ചെറുപ്പത്തിൽതന്നെ "മാനം മുട്ടെ വളരാനുള്ള" സ്വപ്നം കാണാൻ പഠിപ്പിക്കും. പക്ഷേ, വല്ലപ്പോഴുമൊക്കെ കൃഷിയിടങ്ങളിൽ കൂടെ കൊണ്ടുപോയി "മാനം മുട്ടെ" വളർന്നു നിൽക്കുന്ന മരങ്ങളെ കാണിച്ചുകൊടുക്കുകയും അങ്ങനെ വളരാനുള്ള ഒരു മരത്തെ നടാൻ പഠിപ്പിക്കുകയും ചെയ്താൽ കൃഷിയെയും മണ്ണിനെയും സ്നേഹിക്കുന്ന ഒരു തലമുറ ഇവിടെയുണ്ടാകും.

ഇൻഫാമിന്റെ ഓരോ മുന്നേറ്റങ്ങളും കർഷക കരങ്ങൾക്ക് കരുത്തേകുകയും കർഷകന്റെ സ്വപ്നങ്ങൾക്ക് മാറ്റ് കൂട്ടുകയുമാണ്. ഈ ഉദ്യമത്തിൽ ഇനിയും സംഘടനാപ്രവർത്തനങ്ങൾ ശക്തമാക്കി മുന്നേറാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

സ്നേഹാശംസകളോടെ,

കാഞ്ഞിരപ്പള്ളി **മാർ മാത്യു അറയ്ക്കൽ**
06-12-2018 ഇൻഫാം എപ്പിസ്കോപ്പൽ കമ്മീഷൻ

# 2019 ക്രൈസ്തവ ഐക്യത്തിനായുള്ള

## അഷ്ടദിന പ്രാർത്ഥനാശുശ്രൂഷയ്ക്കായി

### ഉപയോഗിക്കാവുന്ന ആദ്ധ്യാത്മിക വിവരങ്ങൾ

### നീതി, നീതി മാത്രം നീ പിൻതുടരുക. (നിയമാ. 16:18-20)

### 2019 ജനുവരി 18-25

ക്രൈസ്തവ ഐക്യം പരിപോഷിപ്പിക്കാൻ കത്തോലിക്കാസഭയുടെ പരമാധികാരിയാൽ നിയുക്തമായ സമിതിയും വിശ്വാസത്തിനായുള്ള സമിതിയും ലോകസഭകളുടെ സമിതിയും സംയുക്തമായി സജ്ജമാക്കി പ്രസിദ്ധീകരിച്ചത്.

2019-ൽ വിചിന്തനത്തിനായി ഉപയോഗിക്കാവുന്ന ബൈബിൾ ഭാഗം (നിയമാവർത്തനം 16:11-20).

**2019-ലെ വിചിന്തന വിഷയത്തിന് ഒരു ആമുഖം**

നീതി, നീതി മാത്രം നീ പിൻതുടരുക (നിയമാവർത്തനം 16:18-20).

ഐക്യത്തിൽ വളരുവാനായി ഓരോ വർഷവും ലോകമെമ്പാടുമുള്ള ക്രൈസ്തവർ പ്രാർത്ഥനാനിർഭരരായി സമ്മേളിക്കാറുണ്ടല്ലോ. അഴിമതിയും ദുരാഗ്രഹവും അനീതിയും അസമത്വവും ഭിന്നതകളും സംജാതമാക്കുന്ന ഒരു ലോകത്താണ് നമ്മൾ ഇപ്രകാരം സമ്മേളിക്കുന്നത്. വിള്ളലുകൾ വീണു വിണ്ടുകീറിയ ഒരു ലോകത്താണ് നമ്മുടെ ഈ സംയുക്ത പ്രാർത്ഥനാചരണം. ഇപ്രകാരമുള്ള പ്രാർത്ഥന അതീവ ശക്തിയുള്ളതാണ്. എന്നിരുന്നാലും, ക്രൈസ്തവ വ്യക്തികളെന്ന നിലയിലും ക്രൈസ്തവ സമൂഹങ്ങളെന്ന നിലയിലും നമ്മൾ അനീതിയുമായി അനുരഞ്ജനപ്പെടുകയും അതിൽ പങ്കാളികളാകുകയും ചെയ്യുന്നു. നീതിക്കായി ഒരു സംയോജിത സാക്ഷ്യം നല്കാൻ നമ്മൾ ഒരുമിച്ചു വിളിക്കപ്പെട്ടിരിക്കുന്നു. മുറിവുകളാൽ മൂടപ്പെട്ട ലോകത്തിന് ക്രിസ്തുവിന്റെ സൗഖ്യദായക കരുണയുടെ മാർഗ്ഗമാകാനും നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.



ഇന്തോനേഷ്യയിലെ ക്രൈസ്തവരാണ് 2019-ലെ ക്രൈസ്തവ ഐക്യത്തിനായുള്ള അഷ്ടദിന പ്രാർത്ഥനാചരണം ഒരുക്കിയിരിക്കുന്നത്. ഇന്തോനേഷ്യയിലെ ജനസംഖ്യ 265 ദശലക്ഷമാണ്. ഇതിൽ 86% ഇസ്ലാമികരാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ഇസ്ലാമിക ജനതയുള്ള രാജ്യമാണ് ഇന്തോനേഷ്യ. 10% വ്യത്യസ്ത പാരമ്പര്യ പശ്ചാത്തലത്തിൽ നിന്നുള്ള ക്രൈസ്തവരാണ്. ജനസംഖ്യയിലും വിസ്തൃതിയിലും തെക്കുകിഴക്കൻ ഏഷ്യയിലെ ഏറ്റവും വലിയ രാഷ്ട്രമാണ് ഇന്തോനേഷ്യ. 17,000 ലേറെ ദ്വീപുകൾ, 1340 വംശീയ വിഭാഗങ്ങൾ, 740 പ്രാദേശിക ഭാഷകൾ ഇവയാണ് ഇന്തോനേഷ്യയുടെ പ്രത്യേകതകളാണ്. ഈ ബഹുസ്വരതയിലും ഈ രാഷ്ട്രത്തെ ഉദ്ഗ്രഥിതയായി നിലനിറുത്തുന്നത് ദേശീയ ഭാഷയായ ഭാഷ ഇന്തോനേഷ്യയാണ്. 'പഞ്ചശീല' എന്ന അഞ്ചു തത്വങ്ങളാണ് ഈ രാഷ്ട്രത്തിന്റെ അടിസ്ഥാനം. Unity in diversity-നാനാത്വത്തിൽ ഏകത്വം-അതാണ് ഈ രാഷ്ട്രത്തിന്റെ ആപ്തവാക്യം. വംശീയവും ഭാഷാപരവും മതപരവുമായ വൈവിധ്യം നിലനിറുത്തിക്കൊണ്ടുതന്നെ ഐക്യദാർഢ്യത്തിലും സഹകരണത്തി ലും ജീവിക്കുക എന്ന അർത്ഥമുള്ള 'ഗൊതൊങ് റൊയൊങ്' എന്ന ആദർശാനുസൃതമാണ് ഇന്തോനേഷ്യക്കാർ ജീവിതം നയിച്ചിരിക്കുന്നത്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും, തൊഴിൽ, ദുഃഖങ്ങൾ, ആഘോഷങ്ങൾ എന്നിവയിൽ പങ്കുചേരൽ, എല്ലാ ഇന്തോനേഷ്യക്കാരും സഹോദരീസഹോദരന്മാർ എന്ന വിവക്ഷയും ഇതിനുണ്ട്.

ഈ ഹൃദ്യവും അതിലോലവുമായ യോജിപ്പും സമാധാനവും ഇന്നു പുതിയ രീതികളിലുള്ള ഭീഷണികൾ നേരിടുകയാണ്. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഇന്തോനേഷ്യ കൈവരിച്ച സാമ്പത്തിക വളർച്ചയുടെ നല്ലഭാഗം മത്സരത്തിലൂന്നിയ സംവിധാനത്തിലാണ് സാധിതമായിരിക്കുന്നത്. ഇത് 'ഗൊതൊങ് റൊയൊങ്' എന്ന തത്വത്തിന് തികച്ചും വിരുദ്ധമാണ്. അഴിമതി പല രീതികളിൽ അനുഭവപ്പെടുന്നു. ഇത് രാഷ്ട്രീയത്തെയും വ്യാപാരത്തെയും മലീമസമാക്കുന്നു. പരിസ്ഥിതിയിൽ നാശോന്മുഖമായ പരിണതഫലങ്ങൾ സൃഷ്ടിക്കുന്നു. അഴിമതി നീതിയെയും നിയമവ്യവസ്ഥയെയും പ്രത്യേകിച്ചു ദുർബലപ്പെടുത്തുന്നു. നീതി പരിപോഷിപ്പിക്കാനും അബലരെ സംരക്ഷിക്കാനും നിയുക്തരായവർ തന്നെ പലപ്പോഴും നേരെ വിപരീതമായ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. തൽഫലമായി സമ്പന്നരും നിർദ്ധനരും തമ്മിലുള്ള വിടവ് വികസിച്ചിട്ടുണ്ട്. അക്കാരണത്താൽ ഭൗതിക വിഭവ സ്രോതസ്സുകളാൽ സമ്പന്നമായ ഈ രാജ്യത്ത് അനേകർ ദാരിദ്ര്യത്തിൽ ഉഴറുന്നു എന്ന ആക്ഷേപകരവും ഞെട്ടിക്കുന്നതുമായ അവസ്ഥ നിലനില്ക്കുന്നു.

അനീതി നിറഞ്ഞ യാഥാർത്ഥ്യത്തിനെതിരെയുള്ള പൊതുപ്രതികരണത്തിലും പൊതുപരിഗണനയിലും പങ്കാളികളാകുമ്പോൾ ഈ പശ്ചാത്തലത്തിലെ ക്രൈസ്തവസമൂഹങ്ങൾക്ക് ഐക്യത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും പുതിയ അവബോധമുണ്ടാകുന്നു. അതേസമയം, ഈ അനീതികൾ അഭിമുഖീകരിക്കുന്ന നമ്മൾ അനീതിയുടെ സംവിധാനങ്ങളിൽ നിശ്ശബ്ദ പങ്കാളികളാകുന്നത് ഏതെല്ലാം രീതികളിലാണെന്ന് പരിശോധിക്കാൻ ക്രൈസ്തവരെന്ന നിലയിൽ നിർബന്ധിതരാകുന്നു. 'അവരെല്ലാവരും ഒന്നായിരിക്കാൻ' എന്ന യേശുവിന്റെ പ്രാർത്ഥന ശ്രവിച്ചു പ്രതികരിച്ചാൽ മാത്രമെ നാനാത്വത്തിൽ ഏകത്വം എന്നതിനു സജീവസാക്ഷ്യം നല്കാൻ സാധിക്കുകയുള്ളൂ. അനീതിക്കെതിരെ പോരാടാനും അനീതിക്ക് ഇരകളായി തീർന്നവരുടെ ആവശ്യങ്ങൾ നിറവേറ്റാനും ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തിലൂടെ മാത്രമെ നമ്മൾ പ്രാപ്തരാകുകയുള്ളൂ. ഈ പരിഗണനകളാൽ പ്രചോദിതരായി, ഇന്തോനേഷ്യയിലെ ക്രൈസ്തവർ കണ്ടെത്തിയിരിക്കുന്നത് 'നീതി, നീതി മാത്രം പിൻതുടരുക' എന്ന് നിയമാവർത്തനത്തിൽ (നിയമ.16:18-20) പറഞ്ഞിരിക്കുന്നത് അവരുടെ അവസ്ഥയോടും ആവശ്യങ്ങളോടും അഭിസംബോധന ചെയ്യപ്പെട്ട ആഹ്വാനമെന്നാണ്. ദൈവജനം വാഗ്ദത്തഭൂവിൽ പ്രവേശിക്കുന്നതിനു മുമ്പ് അവിടുന്ന് അവരോടു ആവശ്യപ്പെട്ടത് അവിടുന്ന് അവരുമായി രൂപം കൊടുത്ത ഉടമ്പടിയോടുള്ള സമർപ്പണം പുതുക്കണമെന്നായിരുന്നു. 'ഉടമ്പടിയുടെ ജനത'യുടെ ആഘോഷങ്ങൾ പ്രധാനപ്രതിപാദ്യമായി വരുന്ന അദ്ധ്യായത്തിലാണ് ഇവ പരാമർശിക്കപ്പെടുന്നത്. ഓരോ ആഘോഷവും കഴിഞ്ഞപ്പോൾ ഉടമ്പടിയുടെ ജനതയ്ക്ക് ലഭിച്ച നിർദ്ദേശമിതാണ്. "ഈ തിരുനാളിൽ നീയും നിന്റെ മകനും മകളും ദാസനും ദാസിയും നിന്റെ പട്ടണത്തിലുള്ള ലേവ്യനും പരദേശിയും അനാഥനും വിധവയും സന്തോഷിക്കണം." (നിയമ 16:15, 16:11) എല്ലാ സമൂഹങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഈ ആഘോഷത്തിന്റെ അരൂപി വീണ്ടെടുക്കാൻ ഇന്തോനേഷ്യയിലെ ക്രൈസ്തവർ ആഗ്രഹിക്കുന്നു. അതിനായി പരിശ്രമിക്കുന്നു. മുൻകാലങ്ങളിൽ അവർ ഈ അരൂപി ആസ്വദിച്ച് അനുഭവിച്ചിട്ടുണ്ട്. യേശുവിൽ സ്ഥാപിതമായ ഉടമ്പടിയുടെ ജനത എന്ന നിലയിൽ നമുക്കറിയാം സ്വർഗ്ഗീയസദ്യയ്ക്ക് വിളമ്പപ്പെടുന്ന വിഭവങ്ങൾ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർക്കും നീതിക്കുവേണ്ടി പീഡനം സഹിക്കുന്നവർക്കും നല്കപ്പെടുമെന്ന്, "എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ്." (മത്തായി 5:6-10).

ഈ സ്വർഗ്ഗരാജ്യത്തിന്റെ മുൻ അനുഭവമായിത്തീരാനാണ് ക്രിസ്തുവിന്റെ സഭയ്ക്കു ലഭിച്ചിരിക്കുന്ന ദൈവവിളി. പക്ഷേ, നമ്മുടെ



അനൈക്യം കാരണം നമ്മൾ പരാജയപ്പെടുന്നു. ദൈവജനതയ്ക്ക് ദൈവസ്നേഹത്തിന്റെ അടയാളമായിത്തീരുന്നതിൽ നമ്മൾ പരാജയപ്പെടുന്നു. ഇന്തോനേഷ്യയിലെ സമൂഹത്തെ കീറിമുറിച്ച ഭിന്നതകൾക്ക് അനീതി ആക്കം കൂട്ടിയതുപോലെ, സഭയിലെ ഭിന്നതകളെയും അനീതി പരിപോഷിപ്പിച്ചിട്ടുണ്ട്. ഭിന്നതകളെ സംജാതമാക്കുന്ന അനീതിയെക്കുറിച്ച് നമ്മൾ പശ്ചാത്തപിക്കുന്നു. ക്രൈസ്തവർ എന്ന നിലയിൽ പൊറുക്കാനും സുഖപ്പെടുത്താനും ക്രിസ്തുവിനുള്ള ശക്തിയിൽ നമ്മൾ വിശ്വസിക്കുന്നു. അനീതി അവസാനിപ്പിക്കാനുള്ള അനുഗ്രഹത്തിനായും ഭിന്നതകളെ ജനിപ്പിക്കുന്ന പാപങ്ങൾ പൊറുക്കപ്പെടാനും ക്രിസ്തുവിന്റെ കുരിശിൻചുവട്ടിൽ ഒന്നിപ്പിക്കപ്പെട്ടവരായി നമ്മെത്തന്നെ നമ്മൾ കണ്ടെത്തുന്നു.

അഷ്ടദിന പ്രാർത്ഥനാചരണത്തിനും ആരാധനാശുശ്രൂഷയ്ക്കുമായുള്ള വിചിന്തനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വിഷയത്തിൽ കേന്ദ്രീകൃതമായിരിക്കണം. ഐക്യത്തെയും നീതിയെയും കുറിച്ചുള്ള നമ്മുടെ വിചിന്തനങ്ങൾക്ക് ആഴം കൂട്ടുവാൻ, അനീതി ജനിപ്പിക്കുന്ന പോരാട്ടങ്ങളെ അവതരിപ്പിക്കുന്ന വിഷയമാണ് ഓരോ ദിനത്തിനായും ശ്രദ്ധയോടെ തെരഞ്ഞെടുത്തിരിക്കുന്നത്. വിഷയങ്ങൾ ചുവടെ ചേർക്കുന്നു

ഒന്നാം ദിനം : നീതി ജലം പോലെ ഒഴുകട്ടെ (ആമോസ് 5:24).

രണ്ടാം ദിനം : നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ (മത്തായി 5:37).

മൂന്നാം ദിനം : കർത്താവ് എല്ലാവർക്കും കൃപാലുവും കരുണാമയനുമാണ് (സങ്കീർത്തനം 145:8).

നാലാം ദിനം : ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ (ഹെബ്രായർ 13:5).

അഞ്ചാം ദിനം: ദരിദ്രരെ സുവിശേഷം അറിയിക്കാൻ (ലൂക്കാ 4:18)

ആറാം ദിനം : സൈന്യങ്ങളുടെ കർത്താവ് എന്നതാണ് അവിടുത്തെ നാമം (ജറെമിയാ 10:16).

ഏഴാം ദിനം : സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ് (മത്തായി 15:28).

എട്ടാം ദിനം : കർത്താവ്, എന്റെ പ്രകാശവും രക്ഷയുമാണ് (സങ്കീർത്തനം 27:1).

## സഭകളുടെ ഐക്യത്തിനായുള്ള ആരാധനശുശ്രൂഷ

**ആമുഖം**

ഐക്യം, നീതി, കരുണ തുടങ്ങിയവയെക്കുറിച്ചുള്ള സംവാദങ്ങളിൽ നിന്നും പ്രവൃത്തിയിലേക്കും സമൂർത്തമായ സമർപ്പണത്തിലേക്കുമുള്ള ചുവടുവയ്പിനുമുള്ള പ്രാധാന്യത്തിനാണ് ഈ ആരാധ

നാശുശ്രൂഷ ഊന്നൽ കൊടുക്കുന്നത്. വൈയക്തിക ജീവിതത്തിലും ക്രൈസ്തവസമൂഹങ്ങളുടെ ജീവിതത്തിലും ഐക്യം, നീതി, കരുണ എന്നിവയ്ക്കായുള്ള പ്രവൃത്തികൾക്കും ഇത് ഊന്നൽ നല്കുന്നു.

പ്രാർത്ഥനാചരണത്തിനായുള്ള ഒരുക്കങ്ങളിൽ ആരാധനയുടെ രണ്ടു പ്രത്യേക ഘടകങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

ഒന്ന് അനുതാപത്തിന്റെ പ്രാർത്ഥന അവതരിപ്പിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചാണ്. ഒന്നാമത്തെ വായനക്കാരൻ (R1) നിർബന്ധമായും ഒരു പുരോഹിതനായിരിക്കണം. മറ്റു രണ്ടുപേരും വിശ്വാസികളുടെ സമൂഹത്തിന്റെ പ്രതിനിധികളായിരിക്കണം. രണ്ടാമത്തേത് ആരാധനാക്രമവുമായി ബന്ധപ്പെട്ട പ്രതീകാത്മക പ്രവൃത്തിയെക്കുറിച്ചാണ്. ഇതു നടത്തേണ്ടത് നീതിയിലൂടെയും കരുണയിലൂടെയുമുള്ള ഐക്യത്തിനായുള്ള സമർപ്പണ പ്രക്രിയയ്ക്കുശേഷമാണ്. ആരാധനശുശ്രൂഷയിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കുമായി രണ്ടു കാർഡുകൾ വീതം ഒരുക്കണം. നീതി, കരുണ, ഐക്യം എന്നിവയ്ക്കായുള്ള ഒരു പ്രത്യേക കർമ്മ പരിപാടിക്ക് സ്വയം സമർപ്പിക്കും എന്നതിനെക്കുറിച്ച് ആലോചിക്കാൻ ശുശ്രൂഷാമദ്ധ്യേ എല്ലാവരോടും ആവശ്യപ്പെടണം. അവരവരുടെ സമൂർത്തസമർപ്പണം എന്താണെന്ന് രണ്ടു കാർഡുകളിലും എഴുതാൻ ആഹ്വാനം ചെയ്യണം. രണ്ടുകാർഡുകളിൽ ഒരെണ്ണം ഓരോരുത്തരും അവരവരുടെ വസ്ത്രത്തിൽ ഉചിതമായ സ്ഥാനത്തു പിന്ന് കുത്തിയിടണം. രണ്ടാമത്തെ കാർഡുകൾ കാഴ്ചവയ്പ്പിന്റെ സമയത്ത് ശേഖരിച്ച് കുരിശിന്റെ ചുവട്ടിൽ അർപ്പിക്കണം. ശുശ്രൂഷ സമാപിച്ച് വിശ്വാസികളുടെ സമൂഹം പിരിഞ്ഞുപോകുമ്പോൾ ഓരോരുത്തർക്കായി ഈ കാർഡുകൾ വിതരണം ചെയ്യണം. അതു ലഭിക്കുന്ന വ്യക്തി അപരന്റെ കർമ്മപരിപാടിക്കായി പ്രാർത്ഥിക്കണം. (ചുവടെ ചേർക്കുന്ന പ്രാർത്ഥനാശുശ്രൂഷയും പ്രതീകാത്മക പ്രവൃത്തികളും പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി അനുരൂപപ്പെടുത്താവുന്നതാണ്).

## ആരാധന ക്രമം

## സഭാ ഐക്യ ആരാധന ശുശ്രൂഷ

**നീ പിന്തുടരേണ്ടത് നീതി മാത്രമാണ് (നിയമാവർത്തനം 16:18-20)**

**L : ലീഡർ**

**C : വിശ്വാസികളുടെ സമൂഹം**

**R : റീഡർ * റീഡർമാരിൽ ഒരാൾ നിർബന്ധമായും ഒരു പുരോഹിതനായിരിക്കണം.**

**ആരാധനയ്ക്കായുള്ള ആഹ്വാനം.**



**L** : നമുക്ക് ത്രിത്വൈകദൈവത്തെ ആരാധിക്കാം. ഞങ്ങളുടെ പിതാവായ ദൈവമേ, നീതിയും കരുണയും കൊണ്ട് അവിടുത്തെ സൃഷ്ടിക്ക് അവിടന്നു മകുടം ചാർത്തുന്നു.

**C** : അവിടുത്തെ ആരാധിക്കാൻ ഞങ്ങൾ അവിടുത്തെ മുൻപിൽ അണയുന്നു.

**L** : യേശുക്രിസ്തുവേ, അവിടുത്തെ തിരുക്കുരിശ് പുതുജീവനും നീതിയും നിലവിൽ വരുത്തുന്നു.

**C** : അവിടുത്തെ ആരാധിക്കാൻ ഞങ്ങൾ അവിടുത്തെ മുൻപിൽ അണയുന്നു.

**L** : നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാരൂപിയുടെ സഹവാസവും നമ്മുടെ കൂടെ ഉണ്ടായിരിക്കട്ടെ.

**C** : അങ്ങയോടും കൂടെ.

**പ്രാരംഭഗാനം** (പ്രാദേശിക പശ്ചാത്തലത്തിനു ചേരുന്ന കീർത്തനം ആലപിക്കാം)

**L** : അകന്നുപോയ സമൂഹങ്ങളിലെ ക്രൈസ്തവർ എന്ന നിലയിലാണ് ഐക്യത്തിനായി പ്രാർത്ഥിക്കാൻ നമ്മൾ ഇവിടെ ഒരുമിച്ചു കൂടിയത്. ക്രൈസ്തവരുടെ ഐക്യത്തിനായുള്ള അഷ്ടദിന പ്രാർത്ഥനാചരണത്തിന് വിചിന്തനവിഷയമായി ഇന്തോനേഷ്യായിലെ സഭകൾ തെരഞ്ഞെടുത്തിരിക്കുന്ന വിഷയം: "നീതിയെ, നീതിയെ മാത്രം പിന്തുടരുക" എന്നതാണ്. സംഘട്ടനങ്ങളെയും ഭിന്നതകളെയും സംജാതമാക്കുന്ന സാഹചര്യങ്ങൾ ആവർത്തിതമാകുന്ന കാരണം ഈ വിഷയം അടിയന്തിരപ്രാധാന്യമുള്ളതാണ്. ഒരുമിച്ചു പ്രാർത്ഥിക്കുമ്പോൾ നമ്മൾ അനുസ്മരിക്കുന്നതു നമുക്കുള്ള വിളിയെക്കുറിച്ചാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ഘടകങ്ങൾ എന്ന നിലയിൽ ''നീതിയെ ഉൾക്കൊള്ളുകയും നീതിയെ അനുധാവനം ചെയ്യുകയും" വേണം എന്നുള്ളതാണ്. നീതിയ്ക്കായുള്ള കൂടുതൽ വ്യാപകമായ പോരാട്ടത്തിൽ പങ്കെടുക്കാനും ജീവിതാന്തസ്സിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിക്കാനും ക്രിസ്തുവിലുള്ള നമ്മുടെ ഐക്യം നമ്മളെ ശാക്തീകരിക്കുന്നു.

### പ്രകീർത്തനഗാനം

### അനുതാപത്തിന്റെ പ്രാർത്ഥന

**L** : പ്രിയ സഹോദരീ സഹോദരന്മാരേ, നമ്മുടെ ആരാധന ദൈവത്തിനു പ്രീതികരവും സ്വീകാര്യവും ആകാൻ കർത്താവിന്റെ മുൻപിൽ നമ്മുടെ പാപങ്ങൾ ഏറ്റുപറയാം. അവിടുത്തെ മാപ്പിനായി യാചിക്കാം. (അഭിഷിക്തൻ വായിക്കേണ്ടത്)

**R1:** ദയവുള്ള ദൈവമേ, അവിടുത്തെ ആട്ടിൻപറ്റത്തിന് നേരായമാർഗ്ഗം കാണിച്ചുകൊടുക്കുവാനും ആടുകളെ പരിരക്ഷിക്കുവാനും അവിടുന്നു ഞങ്ങളെ തെരഞ്ഞെടുത്തുവല്ലോ. നീതിപൂർവ്വം പ്രവർത്തിക്കാൻ അവിടുത്തെ പുത്രൻ ഞങ്ങളെ പഠിപ്പിക്കുകയുണ്ടായി. ഞങ്ങളുടെ ശുശ്രൂഷാ ദൗത്യത്തിൽ ഇതിനെക്കുറിച്ച് ഞങ്ങൾക്ക് അവബോധമുണ്ട്. അവിടുന്നു ഞങ്ങളെ വിശ്വാസപൂർവ്വം ഭരമേല്പിച്ച ജനത്തോടു ചിലപ്പോഴൊക്കെ നീതിക്കു നിരക്കാത്ത രീതിയിൽ ഞങ്ങൾ പെരുമാറുന്നു. ഞങ്ങളോടു ബന്ധമുള്ളവർക്കും അടുപ്പമുള്ളവർക്കും സാമൂഹ്യതലത്തിൽ ഉന്നത സ്ഥാനമുള്ളവർക്കും മുൻഗണന നല്കിക്കൊണ്ട് ഞങ്ങൾ അനീതി കാട്ടുന്നു. അപരിചിതരെയും നിർദ്ധനരെയും സമൂഹത്തിൽ താഴേക്കിടയിലുള്ളവരെയും അവഗണിച്ചുകൊണ്ട് ഞങ്ങൾ അനീതി കാട്ടുന്നു. അടിച്ചമർത്തപ്പെട്ടവരെ സംരക്ഷിക്കുവാൻ ഭയം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങൾ അനീതി കാട്ടുന്നു. സഭയുടെ വിഭവസ്രോതസ്സുകളെ ദുർവിനിയോഗം ചെയ്തുകൊണ്ട് ഞങ്ങൾ അനീതി കാട്ടുന്നു. ചിലരൊക്കെ അവിടുത്തെ സഭയോടു മുഖം തിരിച്ച് അകന്നുപോകാനും ഞങ്ങളുടെ അനീതി നിറഞ്ഞ പ്രവൃത്തികൾ കാരണമായിട്ടുണ്ട്.

**C** : കർത്താവേ, ഞങ്ങളോടു കരുണ കാട്ടേണമേ (ഈ പ്രതിവചനം സാധിക്കുമെങ്കിൽ ആലപിച്ച് അവതരിപ്പിക്കാം.

**R2:** (വിശ്വാസികളുടെ കൂട്ടായ്മയിൽ നിന്ന് ഒരാൾ വായിക്കുന്നു)

സ്നേഹമാകുന്ന ദൈവമേ, അവിടുന്നു ഞങ്ങളെ അവിടുത്തെ അജഗണമായി ഒരുമിച്ചുകൊണ്ടുവന്നിരിക്കുകയാണല്ലോ. തന്റെ ശിഷ്യരായിരിക്കുന്നതിന്റെ അടയാളമായി പരസ്പരം സ്നേഹിക്കുവാൻ അവിടുത്തെ പുത്രൻ യേശു ഞങ്ങളെ പഠിപ്പിച്ചു. ഈ സ്നേഹത്തിന്റെ കല്പന അനുവർത്തിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടതായി ഏറ്റുപറയുന്നു. ഇതരസഭകളിലെ അംഗങ്ങളെ എതിരാളികളായി പരിഗണിച്ചുകൊണ്ട് ഞങ്ങൾ ഈ സ്നേഹത്തിന്റെ കല്പന ലംഘിച്ചു. പരസ്പര ശത്രുതാ മനോഭാവം പുലർത്തിയും മാപ്പ് നല്കാൻ കാലതാമസം വരുത്തിയും ഞങ്ങൾ ഈ സ്നേഹത്തിന്റെ കല്പന ലംഘിച്ചു. സ്വാർത്ഥ താല്പര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഞങ്ങൾ ഈ സ്നേഹത്തിന്റെ കല്പന ലംഘിച്ചു. ഞങ്ങളുടെ സഹോദരീ സഹോദരന്മാരുടെ ആവശ്യങ്ങളെ അവഗണിച്ചുകൊണ്ട് ഞങ്ങൾ ഈ സ്നേഹത്തിന്റെ കല്പന ലംഘിച്ചു. ഞങ്ങളുടെ അഭിപ്രായങ്ങളെ അംഗീകരിച്ച് അവ ഉൾക്കൊള്ളാൻ വൈമനസ്യം കാട്ടിയവരെ ഒഴിവാക്കിക്കൊണ്ട് ഞങ്ങൾ ഈ സ്നേഹത്തിന്റെ കല്പന ലംഘിച്ചു. ഞങ്ങളെ വിഭജിക്കുന്ന മതിലുകൾക്ക് ഇവ്വിധം ഞങ്ങളുടെ മനോഭാവങ്ങൾ ശക്തിക്കൂട്ടുന്നു.



**C** : കർത്താവേ, ഞങ്ങളോടു കരുണ കാട്ടണമേ.

**R3:** (വിശ്വാസികളുടെ സമൂഹത്തിൽ നിന്നും മറ്റൊരു വ്യക്തി ഇതു വായിക്കണം)

ദയയും ഔദാര്യവും സൗമ്യതയുമുള്ള ദൈവമേ, ഞങ്ങൾക്കെല്ലാവർക്കും വാസസ്ഥലമായി അവിടുന്നു നല്കിയ ഈ ഭൂമിയെ നീതിയുടെ വിളനിലമാക്കാൻ അവിടുന്നു ഞങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു. അവിടുത്തെ ഉദാരനിർഭരമായ സ്നേഹത്തിൽ ദുഷ്ടന്മാരുടെയും ശിഷ്ടന്മാരുടെയും മേൽ മഴ പെയ്യിപ്പിക്കുന്നു. വിവേചനരഹിതമായി സ്നേഹിക്കാൻ അവിടുത്തെ പുത്രനിലൂടെ ഞങ്ങളെ പഠിപ്പിക്കുന്നു. ഈ പ്രബോധനം അനുവർത്തിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെടുന്നതായി ഏറ്റുപറയുന്നു. അയൽക്കാരോട് അനാദരവ് കാണിച്ചുകൊണ്ട് ഞങ്ങൾ ഈ പ്രബോധനം അനുവർത്തിക്കുന്നതിൽ പരാജയപ്പെട്ടു. സമൂഹമാധ്യമങ്ങളിലൂടെ അസത്യങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് ഞങ്ങൾ ഈ പ്രബോധനം അനുവർത്തിക്കുന്നതിൽ പരാജയപ്പെട്ടു. സാമൂഹികഐക്യവും സമാധാനവും തകർക്കുന്നതിൽ പങ്കാളികളായി തീർന്നുകൊണ്ട് ഞങ്ങൾ ഈ പ്രബോധനം അനുവർത്തിക്കുന്നതിൽ പരാജയപ്പെട്ടു. എല്ലാ സൃഷ്ടികൾക്കും നീതിയുടെ ഫലം നല്കാത്ത മരുഭൂമിയായി ഈ ലോകത്തെ പരിരൂപപ്പെടുത്തുന്ന അപകടത്തെ ഞങ്ങളുടെ പെരുമാറ്റം ക്ഷണിച്ചു വരുത്തുന്നു. കർത്താവേ, ഞങ്ങളോടു കരുണ കാട്ടേണമേ.

**C** : കർത്താവേ, ഞങ്ങളോടു കരുണ കാട്ടേണമേ.

**L** : സർവ്വശക്തനായ ദൈവം നമ്മോടു കരുണ കാണിക്കുകയും നമ്മുടെ പാപങ്ങൾ പൊറുക്കുകയും നമ്മളെ നിത്യജീവനിലേക്ക് ആനയിക്കുകയും ചെയ്യുമാറാകട്ടേ.

**C** : ആമേൻ

(സങ്കീർത്തനമോ ഗാനമോ ആലപിക്കാം. അല്ലെങ്കിൽ ധ്യാനത്തിനുതകുന്ന സംഗീതം പശ്ചാത്തലത്തിൽ ഒരുക്കാം).

## ദൈവവചന പ്രഘോഷണം

**ഒന്നാം വായന:** (വായിക്കേണ്ട വിശുദ്ധഗ്രന്ഥ ഭാഗങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.)

**പ്രതിവചനസങ്കീർത്തനം** (ഇത് ഓരോ ദിവസവും ഉപയോഗിക്കേണ്ടതാണ്. വായനയിലൂടെയോ ആലാപനത്തിലൂടെയോ ഇത് അവതരിപ്പിക്കാം)

പ്രതിവചനം: ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കണമേ.

ദുർബലർക്കും അനാഥർക്കും നീതി പരിപാലിച്ചു കൊടുക്കണമേ; അധഃ

സ്ഥിതരുടെയും പരിത്യക്തരുടെയും അവകാശം സ്ഥാപിച്ചുകൊടുക്കണമേ; ദുർബലരെയും പാവപ്പെട്ടവരെയും രക്ഷിക്കണമേ; ദുഷ്ടരുടെ കരങ്ങളിൽ നിന്നും കെണികളിൽ നിന്നും അവരെ മോചിപ്പിക്കണമേ.

പ്രതിവചനം: ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കണമേ.

അവർക്ക് അറിവും ബുദ്ധിയുമില്ല; അവർ അന്ധകാരത്തിൽ തപ്പിത്തടയുന്നു; ഭൂമിയുടെ അടിസ്ഥാനങ്ങൾ ഇളകിയിരിക്കുന്നു.

പ്രതിവചനം: ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കണമേ.

ഞാൻ പറയുന്നു: നിങ്ങൾ ദൈവങ്ങളാണ്, നിങ്ങളെല്ലാവരും അത്യുന്നതന്റെ മക്കളാണ്. എങ്കിലും നിങ്ങൾ മനുഷ്യരെപ്പോലെ മരിക്കും. ഏതു പ്രഭുവിനെയും രാജകുമാരനെയും പോലെ വീണുപോകും. ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കണമേ; കാരണം എല്ലാ ജനതകളും അങ്ങയുടേതാണ്.

പ്രതിവചനം: ദൈവമേ, എഴുന്നേറ്റു ഭൂമിയെ വിധിക്കണമേ.

അല്ലേല്ലൂയ (പറഞ്ഞോ പാടിയോ അവതരിപ്പിക്കാം)

സുവിശേഷഭാഗ പാരായണം

## പ്രഭാഷണം

നീതിക്കും ദയയ്ക്കും ഐക്യത്തിനുമായി പ്രവർത്തിക്കാനുള്ള പ്രതിബദ്ധത

**L :** യേശുക്രിസ്തു തന്റെ ശിഷ്യന്മാരുടെ ഐക്യത്തിനായി പ്രാർത്ഥിക്കുന്നു. ലോകത്തിനായി അവിടുത്തേക്ക് നല്കാനുള്ള അദ്ദേഹത്തിന്റെ ജീവന്റെ സമ്മാനം നീതിയാണ്.

**R1:** ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ ഒരുമിച്ചു അവിടുത്തെ പാതയിൽ അവിടുത്തെ അനുധാവനം ചെയ്യാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

**R1:** അവിടുത്തെ വിളി നമുക്ക് ശ്രദ്ധയോടെ ശ്രവിക്കാം.

**R2 :** പരിശുദ്ധാത്മാവേ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ഏകോപിപ്പിക്കണമേ.

**R1:** ധനമോഹത്തിൽ നിന്നും ജീവിതം മുക്തമായി പരിരക്ഷിക്കാനും ഉള്ളതുകൊണ്ട് തൃപ്തരാകാനും, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ, നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

**R2:** ദുരാഗ്രഹത്തിന്റെ ദൂഷിതവലയം തകർക്കാം; ലാളിത്യത്തിൽ ജീവിക്കാം.

**C :** പരിശുദ്ധാത്മാവേ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ഏകോപിപ്പിക്കണമേ.



**R1:** എല്ലാ തലത്തിലെയും എല്ലാ തരത്തിലെയും അക്രമത്തിന് ഇരയായവർക്കും അടിമകൾക്കും മോചനം പ്രഖ്യാപിക്കാൻ, ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ, നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു.

**R2:** മനുഷ്യവ്യക്തി മഹത്വത്തിലും അന്തസ്സിലും ജീവിതം നയിക്കുവാൻ നമുക്ക് അവരെ സഹായിക്കാം.

**C :** പരിശുദ്ധാത്മാവേ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ഏകോപിപ്പിക്കണമേ.

**R1:** അപരിചിതരോടും വൈദേശികളോടും ക്രിസ്തുവിന്റെ മൗതികശീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ നമുക്ക് ആതിഥ്യമര്യാദ പുലർത്താം.

**R2:** ആദരവ് കാട്ടുന്നതിൽ നമുക്ക് പരസ്പരം മത്സരിക്കാം. ഇതിൽ മറ്റുള്ളവരെക്കാൾ മെച്ചമാണെന്ന് തെളിയിക്കാൻ ശ്രമിക്കാം.

**C :** പരിശുദ്ധാത്മാവേ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ഏകോപിപ്പിക്കണമേ.

**R1:** സർവ്വസൃഷ്ടിയോടും സദ്വാർത്ത വിളംബരം ചെയ്യാൻ, ക്രിസ്തുവിന്റെ മൗതികശീരത്തിന്റെ അവയവങ്ങൾ എന്ന നിലയിൽ, വിളിക്കപ്പെട്ടവരാണ് നമ്മൾ.

**R2:** ദൈവത്തിന്റെ സൃഷ്ടിയുടെ ജീവനും സൗന്ദര്യവും നമുക്ക് സംരക്ഷിക്കാം.

**C :** പരിശുദ്ധാത്മാവേ, ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഞങ്ങളെ ഏകോപിപ്പിക്കണമേ.

(പ്രത്യേക ശ്രദ്ധയ്ക്ക്: ശുശ്രൂഷയുടെ ആരംഭത്തിൽ തന്നെ ഓരോരുത്തർക്കും രണ്ടു കാർഡ് വീതം നല്കണം. ഓരോ കാർഡിലും ഓരോരുത്തർക്കും നീതിയോടുള്ള പ്രതിബദ്ധത ഏതൊക്കെ കർമ്മപരിപാടികളിലൂടെ സമൂർത്തതലത്തിൽ കൊണ്ടുവരുമെന്ന് എഴുതണം. ഒരു കാർഡ് വസ്ത്രത്തിൽ കുത്തിയിടണം. കാഴ്ചവയ്പിന്റെ സമയത്ത് കുരിശിന്റെ മുൻപിൽ അർപ്പിക്കാൻ രണ്ടാമത്തെ കാർഡ് സൂക്ഷിച്ചു വയ്ക്കണം. ശുശ്രൂഷാനന്തരം ഈ കാർഡുകൾ വിതരണം ചെയ്യണം. മറ്റുള്ളവരുടെ കർമ്മപരിപാടി എന്താണെന്നറിയാൻ ഇത് സഹായകരമായിരിക്കും).

**L :** നിങ്ങൾക്കു നല്കിയ കാർഡുകളിൽ നിങ്ങളുടെ കർമ്മപരിപാടികൾ എഴുതുക.

നിങ്ങൾക്കു നല്കിയ രണ്ടു കാർഡുകളിൽ ഒരെണ്ണം കുരിശിന്റെ മുൻപിൽ കാഴ്ചയായി അർപ്പിക്കാൻ മാറ്റിവയ്ക്കുക. ഒരെണ്ണം നിങ്ങളുടെ വസ്ത്രത്തിൽ ഉചിതമായ സ്ഥാനത്ത് കുത്തിയിടുക.

(ഐക്യത്തിനും നീതിക്കും വേണ്ടിയുള്ള ഒരു അർപ്പണഗാനം ആലപിക്കാം)

**കാഴ്ചവയ്പ്**

**L :** (മിക്ക 6:8) മനുഷ്യാ, നല്ലതെന്തെന്ന് അവിടുന്നു നിനക്കു കാണിച്ചു തന്നിട്ടുണ്ട്. നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക. ഇതല്ലാതെ മറ്റെന്താണ് കർത്താവ് നിന്നിൽ നിന്ന് ആവശ്യപ്പെടുന്നത്? നീതിയുടെ പ്രവൃത്തികളിൽ വ്യാപൃതരാകാൻ നമുക്ക് പ്രതിബദ്ധതയോടെ പ്രതിജ്ഞയെടുക്കാം.

(ശുശ്രൂഷാസഹായികൾ രണ്ടാമത്തെ കാർഡുകൾ സ്വരൂപിക്കുന്നു. അവ കുരിശിന്റെ മുൻപിൽ കാഴ്ചവയ്ക്കാൻ കൊണ്ടുവരുന്നു).

**L :** ദയവും ഔദാര്യവും സൗമ്യതയുമുള്ള ദൈവമേ, എല്ലാ സൃഷ്ടിയോടും അവിടുത്തേക്കുള്ള അനുകമ്പയും ശ്രദ്ധാനിർഭരമായ പരിഗണനയും ഞങ്ങൾക്ക് അവിടുന്നു കാണിച്ചുതന്നല്ലോ. പ്രതിബദ്ധതയോടെ ഞങ്ങൾ കൈക്കൊണ്ട പ്രതിജ്ഞകൾ അങ്ങേയ്ക്കു സമർപ്പിക്കാൻ അവിടുത്തെ സ്നേഹം ഞങ്ങളെ പ്രചോദിപ്പിക്കുന്നു. നീതിയോടെ പ്രവർത്തിക്കാനും സാംസ്കാരികവും വംശീയവും മതപരവുമായ പശ്ചാത്തലങ്ങളെ പരിഗണിക്കാതെ മറ്റുള്ളവരെ പൂർണ്ണമായും സ്നേഹിക്കാനും അവിടുത്തെ സ്നേഹം ഞങ്ങളെ പ്രചോദിപ്പിക്കുന്നു. ഞങ്ങളുടെ ഈ കാണിക്കകളെ സ്വീകരിക്കണമേ. സഭയുടെ ഐക്യത്തിനായുള്ള പ്രവർത്തനങ്ങളായി അവയെ പരിരൂപപ്പെടുത്തണമേ. ഏകദൈവമായി അങ്ങയോടൊപ്പം നിത്യവും ജീവിക്കുന്ന പരിശുദ്ധാരൂപിയുടെ ശക്തിയിൽ, അവിടുത്തെ പുത്രൻ യേശുക്രിസ്തു വഴി ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു.

**C :** ആമേൻ

(സമാധാന ആശംസ: നമ്മുടെ വിശ്വാസത്തെ ഒരുമിച്ചു വിളംബരം ചെയ്യാൻ നമ്മെത്തന്നെ പ്രാപ്തരാക്കാൻ സമാധാനത്തിന്റെ ചിഹ്നം നമുക്ക് പങ്കു വയ്ക്കാം. ലീഡർ ഇതിനായി വിശ്വാസികളുടെ സമൂഹത്തെ ക്ഷണിക്കുന്നു.)

വിശ്വാസപ്രമാണം

വിശ്വാസികളുടെ പ്രാർത്ഥന



**L :** സമസ്തമാനവരാശിയുടെയും ആവശ്യങ്ങൾക്കായും സഭയ്ക്കു വേണ്ടിയും നമ്മുടെ പൊതുപ്രാർത്ഥനയും യാചനയും കർത്താവിങ്കലേക്ക് ഉയർത്താം.

**R :** ജീവന്റെ സ്രഷ്ടാവായ ദൈവമേ, ദ്വീപുകളിൽ നിന്നും സാഗരങ്ങളിൽ നിന്നും ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ലോകത്തിന്റെ രക്ഷകനായ ദൈവമേ, മലനിരകളിലൂടെയും താഴ്വാരങ്ങളിലൂടെയും അവിടുത്തെ ഞങ്ങൾ പ്രകീർത്തിക്കുന്നു. ശരീരത്തിനും ആത്മാവിനും ആശ്വാസം നല്കുന്ന ദൈവമേ, എല്ലാ ജനതകളുടെയും ഭാഷകളിലൂടെ അവിടുത്തേക്ക് ഞങ്ങൾ നന്ദി പറയുന്നു. ജീവിതഭാരങ്ങളും പ്രതീക്ഷകളും പേറി അവിടുത്തെ മുൻപിൽ ഞങ്ങൾ അണയുന്നു.

ഇന്ന് ഇതാണ് ഞങ്ങൾ അങ്ങിൽ നിന്നും ആവശ്യപ്പെടുന്നത്.

**C :** ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ, അങ്ങയുടെ സ്നേഹം ഞങ്ങൾക്കു നല്കേണമെ.

**R :** അനീതിയുടെ മദ്ധ്യത്തിൽ ജീവിക്കുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവരുടെ സ്വരങ്ങൾ ഉയർത്താനും അവരുടെ പ്രതീക്ഷകൾക്കു ശക്തി പകരാനും ഞങ്ങളെ പ്രോത്സാഹിപ്പിക്കണമേ. അനീതി നിലനിർത്തിക്കൊണ്ടുപോകുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങയുടെ കരുണ നിറയട്ടെ. ഞങ്ങളെ അവിടുത്തെ സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും പ്രവർത്തന പ്രതിനിധികളാക്കണമേ. അവിടുത്തെ തിരുമൊഴികൾക്കനുസൃതം ഞങ്ങൾ നീതിപൂർവ്വം പ്രവർത്തിക്കാൻ ഇടയാക്കണേ. ഇന്ന് ഇതാണ് ഞങ്ങൾ അങ്ങിൽ നിന്ന് ആവശ്യപ്പെടുന്നത്.

**C :** ദൈവമേ, അങ്ങു ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ, ഞങ്ങൾക്ക് അങ്ങയുടെ നീതി നല്കണേ.

**R :** സഭയുടെ ദൃശ്യമായ ഐക്യത്തിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. അവിടുത്തെ രാജ്യം പ്രത്യക്ഷമാക്കാൻ ഞങ്ങൾ ഒന്നായിത്തീരാനും ഒരുമിച്ചു പ്രവർത്തിക്കാനുമുള്ള യേശുവിന്റെ പ്രാർത്ഥന സഫലമായി പൂർത്തീകരിക്കാൻ ഞങ്ങളെ നയിക്കണമേ. ഇന്ന് ഇതാണ് ഞങ്ങൾ അങ്ങിൽ നിന്ന് ആവശ്യപ്പെടുന്നത്.

**C :** ദൈവമേ, അങ്ങു ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ, ഐക്യത്തിനായുള്ള തീവ്രമായ ആഗ്രഹം ഞങ്ങളിൽ ജനിപ്പിക്കണമേ.

**R :** ഞങ്ങളീലോകത്ത് പങ്കുവച്ച് ആസ്വദിക്കുന്ന വ്യത്യസ്ത നിറങ്ങൾക്കും സംസ്കാരങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും വേണ്ടി അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളുടെ വ്യത്യാസങ്ങളിൽ അങ്ങയുടെ സ്നേഹത്താൽ ഞങ്ങളെ ഏകീകരിക്കണമേ. ജീവനെ ഉയർത്തി

പ്പിടിക്കാനായി ഒരുമിച്ചു പ്രവർത്തിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. മാനവരാശിക്കു മുഴുവനുമായി ഈ ലോകത്തെ നീതിയും സമാധാനവും നിറഞ്ഞ ഭവനമായി മാറ്റാൻ ഞങ്ങൾക്ക് കഴിവും ശക്തിയും നല്കണമേ. ഇന്ന് ഇതാണ് ഞങ്ങൾ അങ്ങിൽ നിന്ന് ആവശ്യപ്പെടുന്നത്.

**C :** ഓ ദൈവമേ, അങ്ങു ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ, അങ്ങയുടെ സമാധാനം ഞങ്ങൾക്കു നല്കണമേ.

**'സ്വർഗ്ഗസ്ഥനായ പിതാവേ...'** എന്ന പ്രാർത്ഥന

**ഗാനം**

## സമാപനം

**L :** നിങ്ങൾ പിരിഞ്ഞുപോകുമ്പോൾ, പ്രതിബദ്ധതാ പ്രവർത്തനം രേഖപ്പെടുത്തിയ ഒരു കാർഡ് ഓരോരുത്തർക്കും തരുന്നതാണ്. ഈ പ്രതിബദ്ധതാ പ്രവർത്തനത്തിന്റെ യാഥാർത്ഥ്യവൽക്കരണത്തിനായി പ്രാർത്ഥിക്കാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു.

നമുക്ക് പ്രാർത്ഥിക്കാം: (ഓരോ ദിനത്തിലെയും പ്രാർത്ഥന അനുബന്ധത്തിൽ ചേർത്തിരിക്കുന്നു).

ആശീർവ്വാദം (കർമ്മങ്ങൾക്ക് നേതൃത്വം നല്കുന്ന വ്യക്തി ചുവടെ ചേർത്തിരിക്കുന്ന ആശീർവ്വാദപ്രാർത്ഥന ചൊല്ലുന്നു.)

ദൈവം നിങ്ങളെ സ്നേഹത്തോടെ ആശ്ലേഷിക്കട്ടെ. നിങ്ങളിൽ നിന്നും ദയ ബഹിർഗമിക്കാൻ ഇടയാക്കട്ടെ. നിങ്ങളിൽ ധൈര്യം ജ്വലിപ്പിക്കട്ടെ. അവിടുത്തെ നീതിയുടെയും സമാധാനത്തിന്റെയും സജീവവാഹകരാക്കട്ടെ. നിങ്ങളെ വിനയം കൊണ്ട് ധന്യരാക്കട്ടെ. ഐക്യം പരിപോഷിപ്പിക്കുന്നതിൽ സ്ഥിരത നല്കട്ടെ.

**C :** ആമേൻ

**L :** കർത്താവു നിങ്ങളോടു കൂടെ

**C :** അങ്ങയുടെ ആത്മാവോടും കൂടെ

**L :** സർവ്വശക്തനായ ദൈവം പിതാവും, പുത്രനും, പരിശുദ്ധാത്മാവും നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. (വിശ്വാസികൾ പിരിഞ്ഞുപോകുമ്പോൾ ശുശ്രൂഷാസഹായികൾ പ്രതിബദ്ധതാപ്രവർത്തനം രേഖപ്പെടുത്തിയ കാർഡുകൾ വിതരണം ചെയ്യുന്നു).

### അനുബന്ധം

### അഷ്ടദിന ആരാധനശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്ത ബൈബിൾ വാക്യങ്ങളും പ്രാർത്ഥനകളും



### ഒന്നാം ദിനം

**നീതി ജലം പോലെ ഒഴുകട്ടെ (ആമോസ് 5:24).**
**ആമോസ് 5:22-25, ലൂക്കാ 11:37-44**

**പ്രാർത്ഥന**

പരദേശികളുടെയും അനാഥരുടെയും വിധവകളുടെയും ദൈവമേ, അവിടുന്നു ഞങ്ങൾക്കു നീതിയുടെ പാത കാണിച്ചുതന്നിരിക്കുന്നു. അങ്ങയെ ആരാധിക്കുന്നതിനു തുല്യമായി പരിഗണിച്ചുകൊണ്ട് നീതി നടപ്പിലാക്കാനും അപ്രകാരം അവിടുത്തെ പാതയിൽ നടക്കാനും ഞങ്ങളെ സഹായിക്കണമേ. ഇവിടെ ഒത്തു കൂടിയ ക്രൈസ്തവർ എന്ന നിലയിൽ, ഹൃദയവും മനസ്സും കൊണ്ടു മാത്രമല്ല പ്രവൃത്തികളിലൂടെയും അവിടുത്തെ ആരാധിക്കാൻ ഇടയാക്കണമേ. ഞങ്ങൾ എവിടെ ആയിരുന്നാലും നീതിക്കായി പ്രവർത്തിക്കാൻ പരിശുദ്ധാത്മാവ് ഞങ്ങളെ സഹായിക്കുകയും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്യട്ടെ. അപ്രകാരം അനേകർ ഞങ്ങളുടെ പ്രവൃത്തികളാൽ ശാക്തീകരിക്കപ്പെടട്ടെ. ഈ പ്രാർത്ഥന ഞങ്ങളുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അർപ്പിക്കുന്നു. ആമേൻ.

### രണ്ടാം ദിനം

**നിങ്ങളുടെ വാക്ക് അതേ, അതേ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ (മത്തായി 5:37). എഫേസോസ് 4:22-25, മത്തായി 5:33-37**

**പ്രാർത്ഥന**

നീതി ധർമ്മങ്ങളുടെ ഉറവിടമായ ദൈവമേ, നന്മതിന്മകൾ വേർതിരിച്ചറിയാനുള്ള വിവേകം ഞങ്ങൾക്കു നല്കണമേ. ഞങ്ങളുടെ ഹൃദയങ്ങൾ സത്യസന്ധതയാൽ നയിക്കപ്പെടട്ടെ. ഞങ്ങളുടെ അധരങ്ങളിൽ നിന്ന് സത്യം പ്രവഹിക്കാൻ ഇടയാക്കണേ. മറ്റുള്ളവർ ഞങ്ങൾക്ക് എതിരായി തീരുമ്പോഴും സത്യത്തെയും സത്യസന്ധതയെയും മുറുകെ പിടിക്കാനുള്ള ധൈര്യം നല്കണമേ. വഞ്ചനയും കാപട്യവും പ്രചരിപ്പിക്കുന്നതിൽ നിന്നും അകന്നുനില്ക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലാ ജനതയ്ക്കുമായി സദ്വാർത്ത പ്രചരിപ്പിക്കുന്ന നീതിയുടെയും സമാധാനത്തിന്റെയും ദൗത്യവാഹകരായി ഞങ്ങളെ മാറ്റണമേ. ഈ പ്രാർത്ഥന ഞങ്ങളുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അർപ്പിക്കുന്നു. ആമേൻ.

### മൂന്നാം ദിനം

**കർത്താവ് കൃപാലുവും കരുണാമയനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്. കർത്താവ് എല്ലാവർക്കും നല്ലവനാണ്;**

**തന്റെ സർവസൃഷ്ടിയുടെയും മേൽ അവിടുന്നു കരുണ ചൊരിയുന്നു. (സങ്കീർത്തനം 145:8-9).**

**സങ്കീർത്തനം: 145:8-13, മത്തായി 1:1-17**

**പ്രാർത്ഥന**

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏക ദൈവമേ, സമസ്തസൃഷ്ടിയിലൂടെയും വിളംബരം ചെയ്യപ്പെടുന്ന അങ്ങയുടെ മഹത്വത്തിനായി അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. വിവേചനം അനുഭവിക്കുന്ന എല്ലാവരെയും ഉൾക്കൊള്ളാൻ തുറന്ന മനസ്സും ഹൃദയവും ഞങ്ങൾക്ക് നല്കണമേ. മുൻവിധിക്കും പക്ഷപാതത്തിനും അനീതിക്കും അതീതമായി സ്നേഹത്തിൽ വളരാൻ ഞങ്ങളെ സഹായിക്കണമേ. ഓരോ വ്യക്തിയുടെയും അനന്യതയെ ആദരിക്കാൻ സന്മനസ്സ് ഞങ്ങൾക്ക് നല്കണമേ. അപ്രകാരം ഞങ്ങൾ നാനാത്വത്തിൽ ഏകത്വം അനുഭവിക്കാൻ അനുഗ്രഹിക്കണമേ. അവിടുത്തെ പരിശുദ്ധ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ

**നാലാം ദിനം**

**ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ. (ഹെബ്രായർ 13:5).**

**ഹെബ്രായർ 13:1-5, മത്തായി 6:25-34**

**പ്രാർത്ഥന**

ദയയുള്ള ദൈവമേ, ഉദാരമായി നല്കപ്പെടുന്ന അവിടുത്തെ അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. ലാളിത്യത്തോടും വിനയം നിറഞ്ഞ കൃതജ്ഞതയോടും കൂടെ അങ്ങയുടെ അനുഗ്രഹങ്ങളെല്ലാം സ്വീകരിക്കാൻ ആവശ്യമായ ചൈതന്യം ഞങ്ങൾക്കു നല്കണമേ. ഉള്ളതുകൊണ്ടു തൃപ്തരാകാനും ആവശ്യത്തിലാണ്ടിരിക്കുന്നവരുമായി ഉള്ളതു പങ്കുവയ്ക്കാനും ഞങ്ങളെ പ്രാപ്തരാക്കണമേ. അപ്രകാരം ത്രിതൈ്വകദൈവമായ അങ്ങിൽ നിന്നും പ്രവഹിക്കുന്ന സ്നേഹത്തിൽ എല്ലാവരും ഏകത്വം അനുഭവിക്കാൻ ഇടയാക്കണമേ. നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമേൻ

**അഞ്ചാം ദിനം**

**ദരിദ്രരെ സുവിശേഷം അറിയിക്കാൻ (ലൂക്കാ 4:18)**

**ആമോസ് 8:4-8, ലൂക്കാ 4:16-21**

**പ്രാർത്ഥന**

ഞങ്ങളുടെ പിതാവായ ദൈവമേ, ഞങ്ങളുടെ അതിയായ അധികാരാസക്തി പൊറുക്കണമേ. മറ്റുള്ളവരെ അമർച്ച ചെയ്യാനുള്ള പ്രലോഭനത്തിൽ നിന്നും ഞങ്ങളെ മോചിപ്പിക്കണമേ. അങ്ങയുടെ ഐക്യ



ത്തിന്റെ പരിശുദ്ധാരൂപിയുടെ സഹായത്താൽ ഞങ്ങളുടെ അയൽക്കാരുമായി ഐക്യദാർഢ്യത്തിൽ ജീവിതം നയിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. അപ്രകാരം ദാരിദ്ര്യത്തിൽ നിന്നും അടിച്ചമർത്തലിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് അവിടുന്നു നല്കിയ വാഗ്ദാനം പൂർത്തീകരിക്കുന്നതിൽ അവിടുത്തെ പുത്രൻ യേശുവുമായി പങ്കുചേരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ

**ആറാം ദിനം**

**സൈന്യങ്ങളുടെ കർത്താവ് എന്നാണ് അവിടുത്തെ നാമം (ജറെ. 10:16). ജറെമിയ 10:12-16, മർക്കോസ് 16:14-15**

**പ്രാർത്ഥന**

സ്നേഹസമ്പന്നനായ ദൈവമേ, എല്ലാം സൃഷ്ടിക്കപ്പെട്ടത് അവിടുത്തെ വചനത്തിലൂടെയാണ്. അവിടുത്തെ മഹത്വവും സൗന്ദര്യവും ദയവും വിളംബരം ചെയ്യുന്ന ഈ പ്രപഞ്ചത്തിനായി അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. ഭൂമിയിൽ സൗമ്യതയോടെ ചരിക്കുവാനും എല്ലാ ജനതയ്ക്കുമായുള്ള അവിടുത്തെ സദ്വാർത്തയുടെ പ്രവാചകരാകാനും ആവശ്യമായ വിവേകം ഞങ്ങൾക്കു നല്കേണമെ. ആമേൻ.

**ഏഴാംദിനം**

**സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ് (മത്തായി 15:28).**

**1 സാമുവൽ 1:13-17, മത്തായി 15:21-28**

**പ്രാർത്ഥന**

ഉദാരമതിയും ദയാനിധിയുമായ ദൈവമേ, മനുഷ്യാന്തസ്സിന്റെ ഉറവിടം അവിടുന്നാണ്. അവിടുത്തെ ചൈതന്യത്താലും ശക്തിയാലുമായിരുന്നു ഹന്നയുടെ വാക്കുകൾ പുരോഹിതനായ ഏലിയായുടെ ഹൃദയത്തിൽ പരിവർത്തനമുണ്ടാക്കിയത്. അവിടുത്തെ ചൈതന്യത്താലും ശക്തിയാലുമായിരുന്നു കാനാൻകാരിയായ സ്ത്രീയുടെ വാക്കുകൾ അവളുടെ മകളെ സുഖപ്പെടുത്താൻ യേശുവിനെ പ്രേരിപ്പിച്ചത്. സഭയുടെ ഐക്യം വിളംബരം ചെയ്യാൻ ഞങ്ങൾ മാർഗ്ഗങ്ങൾ ആരായുമ്പോൾ, സ്ത്രീകളോടുള്ള എല്ലാ അക്രമവും ഉപേക്ഷിക്കാനും സഭയുടെ ശുശ്രൂഷയിൽ സ്ത്രീകൾ കൊണ്ടുവരുന്ന പരിശുദ്ധാരൂപിയുടെ ദാനങ്ങൾ ആഘോഷിക്കാനും ആവശ്യമായ ധൈര്യം ഞങ്ങൾക്കു നല്കണമേ. അങ്ങയോടും പരിശുദ്ധാരൂപിയോടും കൂടെ നിത്യമായി ജീവിക്കുകയും വാഴുകയും ചെയ്യുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

### എട്ടാം ദിനം

### കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.

**(സങ്കീർത്തനം 27:1). സങ്കീർത്തനം 27:1-4, യോഹന്നാൻ 8:12 -20**

### പ്രാർത്ഥന

ഞങ്ങളുടെ പരിപാലകനായ ദൈവമേ, അവിടുത്തെ സ്നേഹ നിർഭരമായ ദയവിനാൽ പരീക്ഷണങ്ങളുടെ ഘട്ടങ്ങളിൽ ഞങ്ങളെ പിന്തുണയ്ക്കുന്നതിനാലും അന്ധകാരത്തിന്റെ വേളകളിൽ അവിടുത്തെ പ്രകാശം ഞങ്ങൾക്കു കാണിച്ചുതരുന്നതിനാലും അവിടുത്തെ ഞങ്ങൾ സ്തുതിക്കുന്നു. മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായിത്തീരാൻ ഞങ്ങളുടെ ജീവിതങ്ങളെ പരിരൂപപ്പെടുത്തണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവും ഐക്യത്തിൽ ത്രിത്വൈകദൈവമായി നിത്യവും ജീവിക്കുകയും വാഴുകയും ചെയ്യുന്നതിലൂടെ നിദർശിതമാകുന്ന അവിടുത്തെ ഐക്യത്തിന്റെ സാക്ഷികളായി നാനാത്വത്തിൽ ഏകത്വത്തോടെ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ

### വിഷയാസ്പദ ഗാനം

ദൈവമേ, നിന്റെ നന്മകൾ
നീതിയോടെ ഞങ്ങൾ പങ്കുവച്ചാൽ,
നിൻ സമൃദ്ധി ഞങ്ങൾക്കനുഭവിക്കാം,
നിന്റെ രാജ്യം ഭൂവിൽ വന്നിടും.
ദൈവമേ, നിന്നെ ആരാധിക്കാൻ
നീതിയോടെ ഞങ്ങൾ ജീവിച്ചിടാം;
ദൈവമേ,നിന്നെ വാഴ്ത്തീടാൻ
നീതിയോടെ ഞങ്ങൾ ജീവിച്ചിടാം.
സ്വാർത്ഥത തീർക്കും അറകളിൽ
ഒതുക്കിയാൽ സമൃദ്ധി വികലമാകും;
നീതി നാം നടപ്പിലാക്കിയാൽ
പ്രീതനാം ദൈവം താതനാകും.
നിൻ അരൂപി ഞങ്ങളിൽ നിറഞ്ഞിടട്ടേ;
നീതി നിർഝരി പോൽ ഒഴുകിടട്ടേ.
അബലരെ ആലംബഹീനരെ
പാലിച്ചാൽ ദൈവം പ്രീതനാകും;
നീതി മാത്രം നാം തേടുകിൽ
സ്വീകാര്യമാം ബലിയതാകും.
നിൻ അരൂപി ഞങ്ങളിൽ നിറഞ്ഞിടട്ടേ;
നീതി നിർഝരി പോൽ ഒഴുകിടട്ടേ.



## രൂപതക്കച്ചേരി

### C. *1/2019* സീറോ മലബാർ പ്രേഷിതവാരം

2019 ജനുവരി 6 മുതൽ 12 വരെ തീയതികളിൽ സീറോമലബാർ സഭ പ്രേഷിതവാരം ആചരിക്കുകയാണ്. മിഷനെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് ഈ ആചരണത്തിന്റെ ലക്ഷ്യം. പ്രേഷിത വാരാചരണത്തിനായുള്ള വാൾപോസ്റ്ററും പ്രാർത്ഥനാകാർഡുകളും ഇടവകകളിൽ എത്തിച്ചിരുന്നു. മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ള സംഭാവന ജനുവരി 6 ഞായറാഴ്ച സ്വീകരിച്ച് ജനുവരി 31-നകം രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*Bishop*

### C. *2/2019* സഭൈക്യവാരം

2019 ജനുവരി 18 മുതൽ 25 വരെ സഭകളുടെ ഐക്യത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനും പ്രവർത്തിക്കാനുമായി നീക്കിവച്ചിരിക്കുന്ന ദിവസങ്ങളാണ്. ക്രൈസ്തവൈക്യത്തിനുള്ള പ്രാർത്ഥനാവാരത്തിന്റെ വിചിന്തനവിഷയം നിയമാ 16:18-20 ഭാഗത്തെ അടിസ്ഥാനമാക്കി "നീതി, നീതി മാത്രം പിന്തുടരുക" എന്നതാണ്. സഭൈക്യത്തിനായി ശ്രദ്ധേയമായ ശ്രമങ്ങൾ നടത്തി വരുന്ന കേരളത്തിലെ ക്രൈസ്തവസഭകൾക്ക് വിശിഷ്യ കത്തോലിക്കാസഭയ്ക്ക് ഈ പ്രാർത്ഥനാവാരം ഏറെ പ്രധാനപ്പെട്ടതാണ്. സഭകളുടെ കൂട്ടായ്മയ്ക്കായി പ്രത്യേകം പ്രാർത്ഥനകൾ നടത്തിയും വിവിധ സഭകളുമായി സഹകരിച്ച് പരിപാടികൾ സംഘടിപ്പിച്ചും ഇടവകകളും സ്ഥാപനങ്ങളും സഭൈക്യവാരാചരണം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. സഭൈക്യവാരം സംബന്ധിച്ച പ്രാർത്ഥനകളും സർക്കുലറും രൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

*Bishop*

### C. *3/2019* ലോകസമാധാന ദിനം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ചരമദിനമായ ജനുവരി 30-ാം തീയതി ലോകസമാധാന ദിനമായി ആചരിക്കുന്നു. നമ്മുടെ സമൂഹത്തിലും രാജ്യത്തും ലോകമെമ്പാടും സമാധാനം നിരന്തര ഭീഷണി നേരിടുന്ന ഈ കാലഘട്ടത്തിൽ ഈശോ നൽകുന്ന സമാധാനം സമൂഹത്തിൽ, പ്രത്യേകിച്ച് കുടുംബങ്ങളിൽ സ്ഥാപിതമാകാൻ നമുക്ക് പ്രാർത്ഥിക്കാം. അന്നേ ദിവസം ഉപവാസദിനമായി ആച

രിക്കുന്നത് അനുഗ്രഹപ്രദമാണ്. സമാധാനത്തെ തകർക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നു നിൽക്കുവാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുവാനുമുള്ള പ്രചോദനം ഈ ദിനാചരണം നമുക്ക് നല്കട്ടെ.

*Bishop*

**C. 4/2019 മാർ മാത്യു പോത്തനാമുഴി പിതാവിന്റെ ചരമ വാർഷികം**

നമ്മുടെ രൂപതയുടെ പ്രഥമ മെത്രാനായ മാർ മാത്യു പോത്തനാമുഴി പിതാവിന്റെ 37-ാം ചരമവാർഷികം 2019 ഫെബ്രുവരി 6-ാം തീയതി ബുധനാഴ്ചയാണ്. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി അന്നേദിവസം എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും അനുസ്മരണ ശുശ്രൂഷകൾ നടത്തി പ്രാർത്ഥിക്കേണ്ടതാണ്.

*Bishop*

**C. 5/2019 Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, February 5, 2019 from 10.00 am to 1.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

**C. 6/2019 അജപാലന സന്ദർശനം**

2019 ജനുവരി 20 - പുന്നമറ്റം
2019 ജനുവരി 27 - ഉപ്പുകുന്ന്, പെരിങ്ങാശ്ശേരി
2019 ഫെബ്രുവരി 3 - ഞാറക്കാട്

*Bishop*

**C. 7/2019 വാർഷിക റിപ്പോർട്ട്**

പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കേണ്ട വാർഷിക റിപ്പോർട്ടുകൾ ജനുവരി 30-നകം രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. റിപ്പോർട്ടിനുള്ള ഫോറങ്ങൾ 2019 ജനുവരി മാസത്തിൽ അയയ്ക്കുന്നതാണ്. 2018 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കി തരുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Protosyncellus*

**C. 8/2019 രൂപതാ പ്രാർത്ഥനാദിനം**

ജനുവരി മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം മാറിക സെന്റ് ജോസഫ് ഫൊറോന പള്ളിയിൽ വച്ച് ജനുവരി 25-ാം തീയതി വെള്ളിയാഴ്ച നടത്തുന്നു. രാവിലെ 6.30-ന് വി. കുർബാനയോടുകൂടി ആരാധന ആരംഭിക്കുന്നതും വൈകിട്ട് 3.30 pm മുതൽ 4.30 pm വരെ പൊതു



ആരാധനയോടെ അവസാനിക്കുന്നതുമാണ്. 5.00 pm-ന് അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലി അർപ്പണത്തോടെ പ്രാർത്ഥനാദിനം സമാപിക്കും.

*Protosyncellous*

**C. 9/2019 കോതമംഗലം രൂപതാ ബൈബിൾ കൺവെൻഷൻ**

കോതമംഗലം രൂപത പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന കൃപാഭിഷേക കൺവെൻഷൻ 2019 ഫെബ്രുവരി മാസം 6 മുതൽ 10 വരെ കോതമംഗലം സെന്റ് ജോർജ് HSS ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു. സമയം: 3.30 pm മുതൽ 9.00 pm വരെ. അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടർ ഫാ. ഡൊമിനിക് വാളമ്മനാൽ കൺവെൻഷൻ നയിക്കുന്നു.

*Protosyncellous*

**C. 10/2019 കൺവെൻഷന് ഒരുക്കമായിട്ടുള്ള പ്രാർത്ഥന**

രൂപത ബൈബിൾ കൺവെൻഷന് ഒരുക്കമായി ജനുവരി 6 മുതൽ ഫെബ്രുവരി 6 വരെ പ്രാർത്ഥന എല്ലാ കുടുംബങ്ങളിലും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. പ്രാർത്ഥനാകാർഡ് ഇടവകകളിൽ എത്തിക്കുതാണ്. ഇക്കാര്യം പള്ളിയിൽ അറിയിച്ച് വേണ്ട ക്രമീകരണങ്ങൾ വികാരിയച്ചന്മാർ ചെയ്യുമല്ലോ.

*Protosyncellous*

**C. 11/2019 Monthly Recollection for Priests**

Read in common Nos 711-720 of the Catechism of the Catholic Church.

*Syncellus*

**JS.1/2019 ജൂബിലി സ്മാരക സ്കോളർഷിപ്പ്**

അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി മെമ്മോറിയൽ സ്കോളർഷിപ്പ് ഫണ്ടിന്റെ വിതരണം 2018 ഡിസംബർ 22-ാം തീയതി ശനിയാഴ്ച ബിഷപ്പ്സ് ഹൗസിൽ കൂടിയ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട 23 വിദ്യാർത്ഥികൾക്ക് 25,000 രൂപ വീതമാണ് നല്കിയത്. ഇപ്പോൾ പഠനം നടത്തിക്കൊണ്ടിരിക്കുന്ന 89 വിദ്യാർത്ഥികളിൽനിന്നും യോഗ്യതാപരീക്ഷയുടെയും സാമ്പത്തിക നിലവാരത്തിന്റെയും അടിസ്ഥാനത്തിലാണ് 23 പേരെ

തെരഞ്ഞെടുത്തത്. സ്കോളർഷിപ്പിന് അർഹരായവരുടെ പേരുവിവരങ്ങൾ താഴെകൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | Neena Mathew | Chemplankal | Anchiri |
| 2 | George Jose | Kannathukuzhiyil | Arakuzha |
| 3 | Minnu Mary Jolly | Thadathil | Arikuzha |
| 4 | Sona Joseph | Kakkanattil | Ayavana |
| 5 | Divya Mathew | Mundackal | Cathedral |
| 6 | Milta Jose | Veliyath | Cathedral |
| 7 | Aleena George | Vathuparambil | Chalassery |
| 8 | Soniya Sunny | Vettukallel | Cheenikuzhy |
| 9 | Josmi Jomon | Nedumalayil | Cheenikuziy |
| 10 | Linta Tomy | Muttethazhathu | Cheppukulam |
| 11 | Merin Thomas | Naduppadavil | Kalayanthany |
| 12 | Sebin Francis | Parekudiyil | Kalloorkad |
| 13 | Martin Baby | Kalambadan | Kuruppampady |
| 14 | Anisha Urumees | Kudakkallil | Kuttampuzha |
| 15 | Jisna Pious | Kallarackal | Njayappilly |
| 16 | Femi Benny | Kizhakkebhagath | Paingottoor |
| 17 | Anitta Biju | Mannukulangara | Perumannoor |
| 18 | Divya Sunny | Vadakkamparambil | Perumballichira |
| 19 | Gincy Baby | Machukuzhiyil, | Udumbannoor |
| 20 | Aljo Biju | Vadackel | Udumbannoor |
| 21 | Amala Mary Varghese | Kuzhippallil | Udumbannoor |
| 22 | Anju Sunny | Koothampurath | Urulanthanny |
| 23 | Jeeva John | Kapiarumalayil | Vadakode |

*Secretary*

## മൈനർ സെമിനാരി

*MS. 1/2019* **ക്രിസ്തുമസ് ആഘോഷം**

മൈനർ സെമിനാരിയിലെ ക്രിസ്തുമസ് ആഘോഷം ഡിസംബർ 18-ാം തീയതി അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ നടന്നു. ബ്രദേഴ്സ് അവതരിപ്പിച്ച ക്രിസ്തുമസ് പ്രോഗ്രാം മനോഹരമായിരുന്നു.

*MS. 2/2019* **ദൈവവിളി ക്യാമ്പ്**

2018 ഡിസംബർ 22, 23 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ച് ദൈവവിളിക്യാമ്പ് നടന്നു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച എല്ലാ അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഹൃദയപൂർവം നന്ദി.



*MS 3 /2019* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | One Benefactor | ₹ | 10,000 |
| 2 | Sebastiam Ouseparambil, Thodupuzha East | ₹ | 2,000 |
| 3 | George Peter Parankimalil, Nellimattom | ₹ | 5,000 |
| 4 | John Tharian Elenjickal, Inchoor | ₹ | 5,000 |
| 5 | Mathachan & Mary Parappuram, Muthalakodam | ₹ | 10,000 |
| 6 | Nixon Sabastian Thekkethala (C/o P.O. Thomas Pallivathukal) Cathedral | ₹ | 50,000 |
| 7 | Devasiachan Edathattel, Arakuzha | ₹ | 75,000 |

*Rector*

## വിജ്ഞാനഭവൻ

*V.1/2019* **സമ്മാനദാനം**

2018-ലെ ലോഗോസ് ക്വിസിൽ A മുതൽ F വരെ വിഭാഗങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടിയവർ, കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, അംഗസംഖ്യാനുപാതത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിച്ച ഇടവകകൾ, കോൺഗ്രിഗേഷൻ, ഓരോ വിഭാഗത്തിലെയും സമ്മാനാർഹരായ വിശ്വാസപരിശീലകർ, വിശ്വാസപരിശീലനരംഗത്ത് 50, 25 വർഷങ്ങൾ പൂർത്തിയാക്കിയവർ, ടീച്ചേഴ്സ് ക്വിസ് വിജയികൾ, 4, 7, 10 ക്ലാസ്സുകളിലെ കഴിഞ്ഞ അദ്ധ്യയനവർഷത്തിലെ സ്കോളർഷിപ്പ് വിജയികൾ, 12-ാം ക്ലാസ്സിൽ 1, 2, 3 സ്ഥാനം നേടിയവർ, ഈ വർഷത്തെ അദ്ധ്യാപകർക്കുള്ള ലേഖന മത്സര വിജയികൾ, കുട്ടികൾക്കുള്ള കവിതാമത്സര വിജയികൾ, SMC (VII, XII) രൂപതാ വിജയികൾ, ഡയറി A Grade നേടിയവർ എന്നിവർക്കുള്ള സമ്മാനങ്ങൾ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് 2019 ജനുവരി 19-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 pm-ന് അഭിവന്ദ്യപിതാവ് നൽകുന്നു. സമ്മാനാർഹരായവർ തദവസരത്തിൽ എത്തിച്ചേരേണ്ടതാണ്.

**NB. സമ്മാനാർഹരായവരെ HM ഇക്കാര്യങ്ങൾ അറിയിക്കുമല്ലോ.**

*V.2/2019* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യം കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

2019 ജനുവരി 12 ശനി

Contact Class II - Std. XI, XII

സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ

സമയം : 9.30 a.m. – 4.30 p.m.

- ♦ ക്ലാസ്സിൽ പങ്കെടുക്കുവാൻ വരുന്നവർ ഉച്ചഭക്ഷണം കരുതണം.
- ♦ ഈ ക്ലാസ്സിൽ പങ്കെടുക്കാത്തവർക്കായി മറ്റൊരു ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.
- ♦ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല.
- ♦ XI, XII ക്ലാസ്സുകളിലെ നവോദയ സ്കൂളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിക്കണം.
- ♦ ഇന്റേണൽ അസ്സെസ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്. XII - ാം ക്ലാസ്സിലെ കുട്ടികൾ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടക്കുന്ന ജീവിതദർശൻ ധ്യാനത്തിൽ സംബന്ധിക്കുന്നതാണ് ഉചിതം. ഇതു സംബന്ധിച്ച രേഖ ഹാജരാക്കിയാലേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

*V. 3 /2019* **വിശ്വാസപരിശീലന യൂണിറ്റ് വിലയിരുത്തൽ**

2018-2019 വർഷത്തിലെ സൺഡേ സ്കൂൾ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി ഈ വർഷം നിശ്ചയിച്ചിരിക്കുന്നത് **ജനുവരി 13, 20 തീയതികളാണ്.** അതാതു ഫൊറോനകളിലെ സൺഡേ സ്കൂളുകളിൽ നിന്നും കഴിഞ്ഞ വർഷത്തേതുപോലെ, ലിസ്റ്റനുസരിച്ച് അദ്ധ്യാപകർ സൺഡേ സ്കൂളുകൾ സന്ദർശിക്കേണ്ടതാണ്.

- ♦ യൂണിറ്റ് വിലയിരുത്തൽ ഫോമിൽ (III) വിശ്വാസപരിശീലനം അദ്ധ്യാപകർക്ക് എന്ന ഭാഗത്ത് ആറാമത്തേതിൽ ഒരാൾക്ക് 20 മാർക്ക് പരമാവധി മാർക്ക് 100 എന്നാക്കുക (നെസ്റ്റിൽ തിയോളജി പഠിക്കുന്നവർക്ക്)
- ♦ (III)-ൽ 9, 10, 12, 13 ചോദ്യങ്ങൾക്ക് മാർക്ക് ഇടേണ്ട. വിജ്ഞാനഭവനിൽ നിന്നും ഇടുന്നതാണ്.
- ♦ സ്മാർട്ട് ക്ലാസ്സ് റൂം ഉണ്ടെങ്കിൽ അക്കാര്യം ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.

**NB ബഹു. വികാരിയച്ചന്മാർക്ക് എഴുത്ത് അയയ്ക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ കിട്ടാതിരുന്നാൽ ഇതൊരറിയിപ്പായി കണക്കാക്കുകയും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാരെ അറിയിക്കുകയും ചെയ്യുമല്ലോ.**

**സൺഡേ സ്കൂൾ സന്ദർശന നിർദ്ദേശങ്ങൾ:**

1 സൺഡേ സ്കൂൾ അദ്ധ്യാപകരാണ് ഇടവകകളിൽ പരസ്പരം സന്ദർശനം നടത്തുന്നത്.



2 സന്ദർശന സമയത്ത് HM/ Staff Secretary നിർബന്ധമായും സൺഡേ സ്കൂളിൽ ഉണ്ടായിരിക്കേണ്ടതാണ്.

3 സൺഡേ സ്കൂൾ വിസിറ്റ്, സൺഡേ സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും താരതമ്യം ചെയ്യാനും നമ്മുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുമുള്ള ഒരവസരമായി പ്രയോജനപ്പെടുത്തേണ്ടതാണ്.

4 സൺഡേ സ്കൂളുകളിൽ ചെല്ലുമ്പോൾ, ആദ്യമേതന്നെ വികാരിയച്ചനെ കണ്ട് പരിചയപ്പെടേണ്ടതാണ്. വികാരിയച്ചന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

5 നിങ്ങൾ പോകുന്ന സൺഡേ സ്കൂളിൽ അദ്ധ്യാപകർക്കോ കുട്ടികൾക്കോ നിർദ്ദേശങ്ങളോ തിരുത്തലുകളോ നല്കരുത്.

6 നിങ്ങൾ പോകുന്ന ഇടവകയിലെ വികാരിയച്ചനെ വിളിച്ച് വി. കുർബാനയുടെ സമയം ചോദിച്ച് മനസ്സിലാക്കിയിരിക്കണം. വി. കുർബാനയ്ക്ക് ഒരു മണിക്കൂർ മുമ്പ് പള്ളിയിൽ എത്താൻ ശ്രമിക്കണം.

7 രണ്ട് അദ്ധ്യാപകരാണ് വിസിറ്റിന് പോകേണ്ടത്. (HM/ Staff Secretary എന്നിവരിൽ ഒരാൾ കൂടെയുണ്ടെങ്കിൽ നല്ലതാണ്.)

8 രണ്ട് അദ്ധ്യാപകരുടെ ഭക്ഷണം എല്ലാ ഇടവകയിലും ക്രമീകരിക്കുകയാണെങ്കിൽ നല്ലതാണ്.

9 മതബോധനകേന്ദ്രത്തിൽ നിന്നും തന്നിരിക്കുന്ന ഫയലിൽ വിസിറ്റിനുള്ള ഫോം ഉണ്ട്. വിസിറ്റിന് പോകുമ്പോൾ അതു കൊണ്ടുപോകേണ്ടതാണ്.

10 സൺഡേ സ്കൂൾ വിസിറ്റിനു പോകുന്നവർ നിർദ്ദിഷ്ട ഫോം കൃത്യമായി പൂരിപ്പിച്ച് (ഇടവക, ഓരോന്നിനും നൽകുന്ന മാർക്ക്, ആനിമേറ്ററുടെ പേര്, ഒപ്പ്, തീയതി) 5 ദിവസത്തിനുള്ളിൽ വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

11 പരസ്പരമുള്ള സന്ദർശനത്തിന് ആരും മുടക്കം വരുത്താതിരിക്കാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും കാരണവശാൽ പോകുവാൻ അസൗകര്യമുണ്ടായാൽ എത്രയും വേഗം വിജ്ഞാനഭവൻ ഓഫീസിലും പോകുന്ന ഇടവകയിലും അറിയിക്കണം.

12 വിസിറ്റിന് പോകുന്ന അദ്ധ്യാപകർ, ഇടവകകളിൽ വികാരിയച്ചന്മാർ ചെയ്യുന്ന അജപാലന-കൗദാശിക ശുശ്രൂഷകളെക്കുറിച്ചുള്ള വിമർശനങ്ങളോ വിലയിരുത്തലുകളോ ഒരു കാരണവശാലും നടത്തരുത്.

**(ആദ്യം കൊടുത്തിരിക്കുന്ന പള്ളിയിലേയ്ക്ക് രണ്ടാമത് കൊടുത്തിരിക്കുന്ന പള്ളിയിൽ നിന്നാണ് അദ്ധ്യാപകർ പോകേണ്ടത്.)**

## Kaliyar, Paingottor

**13-01-2019**

| | | | |
|---|---|---|---|
| Kaliyar | ← Rajagiri | Koduveli | ← Pothanicad |

| | |
|---|---|
| Mundanmudi | ← Punnamattom |
| Njarakad | ← Mullaringad |
| Thennathoor | ← Kadavoor |
| Thomankuth | ← Kulappuram |
| Vannappuram | ← Paingottor |

**20-01-2019**

| | |
|---|---|
| Kadavoor | ← Thommankuth |

| | |
|---|---|
| Kulappuram | ← Koduveli |
| Mullaringad | ← Mundanmudy |
| Paingottoor | ← Najrakad |
| Pothanikad | ← Kaliyar |
| Punnamattom | ← Vannappuram |
| Rajagiri | ← Thennathoor |

## Thodupuzha, Mailacombu, Marika

**13-01-2019**

| | |
|---|---|
| Alacodu | ← Ezhalloor |
| Anchiri | ← Nakappuzha |
| Chittoor | ← Perumballichira |
| Kalayanthany | ← Mailacombu |
| Kallanickal | ← Vettimattom |
| Methotty | ← Kalloor |
| Nediakad | ← Marika |
| Pannimattom | ← Kalloor |
| Ponnamathanam | ← Purapuzha |
| Thalayanad | ← Kuniji |
| Thodupuzha | ← Thazhavamkunnu |
| Thodupuzha East | ← Kolady |
| Thoipara | ← Marika |

**20-01-2019**

| | |
|---|---|
| Vettimattom | ← Thodupuzha |
| Eazhalloor | ← Anchiri |
| Kalloor | ← Chittoor |
| Mailakombu | ← Nediasala |
| Nakappuzha | ← Kalayanthany |
| Perumballichira | ← Kallanickal |
| Thazhuvamkunnu | ← Thalayanad |
| Kolady | ← Pannimattom |
| Kuninji | ← Nediakad |
| Marika | ← Ponnamtham |
| Nediasala | ← Thodupuzha East |
| Purappuzha | ← Alacodu |

## Kothamangalam, Oonnukal

**13-01-2019**

| | |
|---|---|
| Cathedral | ← Perumannoor |
| Inchoor | ← Urulanthanny |
| Keerampara | ← Puliyanpara |
| Kottappady | ← Neriamangalam |
| Kozhippilly | ← Nazrathuvally |
| Kuruppampady | ← Ambiakapuram |
| Kuthunkal | ← Neendapara |
| Kuttampuzha | ← Velielchal |
| Malippara | ← Oonnukal |
| Malayinkeezhu | ← Pooyamkutty |
| Mathirappilly | ← Vadattupara |
| Muttathupara | ← Vettampara |
| Nadukani | ← Thrikkariyoor |
| Nedungapara | ← Ramalloor |
| Nellikuzhy | ← Inchathotty |
| Nellimattom | ← Pareekanni |
| Njayappilly | ← Mamalakandam |

**20-01-2019**

| | |
|---|---|
| Pooyamkutty | ← Keerampara |
| Ramalloor | ← Kuttampuzha |
| Thrikariyoor | ← Nadukanni |
| Urulanthanny | ← Muttathupara |



| | |
|---|---|
| Vadattupara | ← Malayinkeezhu |
| Veilelchal | ← Kuruppampady |
| Vettampara | ← Njayappilly |
| Ambikapuram | ← Kottappady |
| Inchathotty | ← Mathirappilly |
| Mamalakandam | ← Nellimattam |
| Neendarapara | ← Nellikuzhy |
| Neriamangalam | ← Cathedral |
| Oonnukal | ← Kozhippilly |
| Pareekanni | ← Inchoor |
| Nazhrathuvally | ← Pazhampillchal |
| Pazhampillichal | ← Malippara |
| Perumannoor | ← Kuthumkal |
| Puliyanpara | ← Nedungapra |

## Vazhukulam, Muvattupuzha, Arakuzha

**13-01-2019**

| | |
|---|---|
| Anicadu | ← Kalloorkad |
| Karakunnam | ← Peringuzha |
| Marady East | ← Kavakad |
| Mekkedambu | ← Thottakara |
| Mudavoor | ← Vadacodu |
| Mauvattupuzha | ← Bethlehem |
| Muvattupuzha East | ← Ayavana |
| Randar | ← Perumballoor |
| Vazhappilly East | ← Enanalloor |
| Arakuzha | ← Kadalikad |
| Arikuzha | ← Nadukara |
| Meenkunnam | ← Vazhakulam |

**20-01-2019**

| | |
|---|---|
| Peringuzha | ← Karakunnam |
| Perumballoor | ← Anicad |
| Thottakara | ← Marady |
| Ayavana | ← Mekadambu |
| Bethlehem | ← Mudavoor |
| Enanalloor | ← Muvattupuzha East |
| Kadalikad | ← Muvattupuzha |
| Kalloorkad | ← Arikuzha |
| Kavakkad | ← Meenkunnam |
| Nadukara | ← Vazhappilly |
| Vadacodu | ← Arakuzha |
| Vazhakulam | ← Randar |

## Muthalakodam, Karimannoor

**13-01-2019**

| | |
|---|---|
| Chalassery | ← Udumbannoor |
| Kodikulam | ← Mulappuram |
| Muthalakodam | ← Neyyassery |
| Parappuzha | ← Peringassery |
| Vandamattam | ← Thattakuzha |
| Vazhakala | ← Malayinchi |
| Cheenikuzhi | ← Uppukunnu |
| Cheppukulam | ← Pallikamury |
| Chilavu | ← Karimannoor |

**20-01-2019**

| | |
|---|---|
| Malayanchi | ← Parapuzha |
| Mulappuram | ← Vazhakala |
| Karimannoor | ← Cheppukulam |
| Neyyassery | ← Chilavu |
| Pallickamury | ← Chalassery |
| Peringassery | ← Vandamattom |
| Thattakuzha | ← Kodikulam |
| Uppukunnu | ← Cheenikuzhy |
| Udambannoor | ← Muthalakodam |

*V. 4/2019* **ടീച്ചേഴ്സ് സെമിനാർ**

ഈ വർഷത്തെ ടീച്ചേഴ്സ് സെമിനാർ ഫൊറോന തലത്തിൽ ഫെബ്രുവരി 3, 10, 17, 24 തീയതികളിലായി നെസ്റ്റിൽ നടക്കുന്നതാണ്.

1. ഫെബ്രുവരി 3 ഞായർ – വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ

2. ഫെബ്രുവരി 10 ഞായർ – കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ
3. ഫെബ്രുവരി 17 ഞായർ – തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ
4. ഫെബ്രുവരി 24 ഞായർ – കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ

**നാല് സെമിനാറുകളും മൂവാറ്റുപുഴ നെസ്റ്റിൽ വച്ചായിരിക്കും** നടത്തുക. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

**വരുന്ന അദ്ധ്യാപകരുടെ എണ്ണം സെമിനാറിന് 10 ദിവസം മുമ്പ് അറിയിക്കേണ്ടതാണ്.**

*V. 5/2019* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം**

**രൂപതാവിജയികൾ**

**സിസ്റ്റേഴ്സ്**

1 സി. അലോഷ്യസ് SABS, ചെപ്പുകുളം
2 സി. ആൻസി ആലങ്കോട്ട് SH, നാകപ്പുഴ
3 സി. ഫ്ളോസി ജോൺ CMC, കല്ലാനിക്കൽ

**അല്മായർ**

1 ജിസ്നി ജോസ് തുരുത്തിപ്പിള്ളിൽ, ചെപ്പുകുളം
2 സിനി ആന്റണി നെടുങ്കല്ലേൽ, നാകപ്പുഴ
3 ജൂലി ടോം പുൽപ്പറമ്പിൽ, കല്ലാനിക്കൽ

*V. 6/2019* **വിശ്വാസപരിശീലന രംഗത്ത് – 45, 40, 35, 30, 25, 20, 15, 10 വർഷം പൂർത്തിയാക്കുന്നവർ**

**45** – സി. കൊച്ചുത്രേസ്യ SABS, ചിറ്റൂർ
**40** – സി. ലിസ്യു പെട്ട SABS, പെരുമ്പിള്ളിച്ചിറ
– സി. സ്റ്റെല്ലാ റോസ് SD, പെരുമണ്ണൂർ
**35** – സി. കൊച്ചുത്രേസ്യ ഒറോപ്ലാക്കൽ SH, പൂയംകുട്ടി
– സി. ലൂസി പോൾ SH, പൂയംകുട്ടി
**25** – റീത്ത ഷാജി നിരവത്ത്, പരീക്കണ്ണി
– സിസിലിയാമ്മ റോയി കുഴിക്കാട്ടുമാലിൽ, ചിലവ്
**20** – സി. ഫിലോ ജോസ് SMS, പരീക്കണ്ണി
– സി. ലില്ലി ജോസ് SMS, പരീക്കണ്ണി
– സി. മോൺസി കണ്ണംകുളം SABS, പെരുമ്പിള്ളിച്ചിറ



**15** – ധന്യ ബേബി കല്ലുമഠത്തിൽ, പരീക്കണ്ണി
– ബീനാ ജോർജ് പാലക്കാട്ട്, പെരുമ്പിള്ളിച്ചിറ
– ജെയ്സി ബെന്നി കൂറ്റപ്പിള്ളി, അംബികാപുരം
– ബിനോയി സേവ്യർ കിഴക്കേഭാഗം, പെരുമണ്ണൂർ
**10** – സി. ജെസ് മരിയ കളത്തൂർ SABS, ചിറ്റൂർ
– ജോയ് വടക്കേൽ, ചിറ്റൂർ
– ജെസി മാത്യു ഉരുളിയാനിക്കൽ, അംബികാപുരം
– മിനി പീറ്റർ പല്ലശ്ശേരി, അംബികാപുരം
– ലൗലി ജെയിംസ് ചിറപ്പുറത്ത്, ചീനിക്കുഴി

*V.7/2019* **നന്ദി**

ഈ വർഷം 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി നവംബർ 18, 25 ഡിസംബർ 2, 9 എന്നീ തീയതികളിൽ വാഴക്കുളം, കരിമണ്ണൂർ തൊടുപുഴ, കോതമംഗലം എന്നിവിടങ്ങളിൽ ഫൊറോന തലത്തിൽ ഏകദിന സെമിനാർ ലൈംഗികവിദ്യാഭ്യാസം, സ്നേഹബന്ധങ്ങൾ, ജീവിതമര്യാദകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് നടത്തിയത്. സെമിനാറിൽ ആകെ 1829 കുട്ടികൾ പങ്കെടുത്തു. സെമിനാറുകൾക്കായി എല്ലാ സൗകര്യങ്ങളും ഒരുക്കിതന്ന വാഴക്കുളം, കരിമണ്ണൂർ, തൊടുപുഴ, കോതമംഗലം കത്തീഡ്രൽ ഇടവകകളിലെ പെ. ബഹു. വികാരിയച്ചന്മാർക്ക് സ്നേഹപൂർവം നന്ദി അറിയിക്കുന്നു. വളരെ മനോഹരമായും പ്രയോജനപ്രദമായും സെമിനാർ നയിച്ച ജേക്കബ് ജോസ് സാറിനും ഗാനങ്ങൾ ആലപിച്ച് സഹായിച്ച ജീസസ് യൂത്തിലെ സുഹൃത്തുക്കൾക്കും നന്ദി. എല്ലായിടത്തും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിയ ജീവമിൽക്ക് ഡയറക്ടറച്ചനും പ്രത്യേകം നന്ദി. വന്ന കുട്ടികൾക്കും അവരെ പറഞ്ഞയച്ച വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

ഈ പ്രോഗ്രാമിനെക്കുറിച്ച് എട്ടാംക്ലാസ്സിലെ അദ്ധ്യാപകർ കുട്ടികളുമായി ചർച്ചചെയ്ത് റിപ്പോർട്ട് അയച്ചുതരിക. സൺഡേസ്കൂളിന്റെ പേരെഴുതുവാൻ മറക്കരുത്.

*V. 8/2019* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| **Std. IV** | | |
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| **Std. VII** | | |
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |
| **Std. X** | | |
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 1/2019* **പുതുവത്സരമംഗളങ്ങൾ**

2018-ൽ അനുഭവിക്കേണ്ടി വന്ന പ്രയാസങ്ങളും നൊമ്പരങ്ങളുമെല്ലാം ദൈവകരങ്ങളിൽ നാം സമർപ്പിച്ചു. 2019 ദൈവാനുഗ്രഹങ്ങളുടെ നല്ല വർഷമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാവർക്കും പുതുവത്സരമംഗളങ്ങൾ ആശംസിക്കുന്നു.

*Edn. 2/2019* **സ്കൂൾ റിപ്പോർട്ട് സമർപ്പണം**

2018-2019 അദ്ധ്യയനവർഷത്തെ പ്രവർത്തനറിപ്പോർട്ട് സമർപ്പിക്കുവാനുള്ള ഫോറം വെബ്സൈറ്റിൽ നിന്നെടുത്ത് യഥാവിധി പൂരിപ്പിച്ച് 2019 ജനുവരി 15-ാം തീയതിക്കകം ഈ ഓഫീസിൽ കിട്ടത്തക്കവണ്ണം എത്തിക്കണമെന്ന് താത്പര്യപ്പെടുന്നു.

*Edn. 3/2019* **Competitive Examination**

2018-2019 അദ്ധ്യയനവർഷത്തെ Catechism/Moral Science മത്സരപരീക്ഷ 2019 ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ മുൻനിശ്ചയപ്രകാരം നടത്തുന്നതാണ്. (ദൈവരാജ്യം ഡിസംബർ കാണുക).

*Secretary*



## സോഷ്യൽ സർവീസ്

*SS. 1/2019* **ക്രെഡിറ്റ് യൂണിയൻ കൺസ്ട്രക്ഷൻ കമ്മിറ്റി**

2018 ഡിസംബർ 19-ന് ക്രെഡിറ്റ് യൂണിയൻ കൺസ്ട്രക്ഷൻ കമ്മിറ്റി യോഗം ചേർന്നു. നിലവിലുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു.

*SS. 2/2019* **സേവ് എ ഫാമിലി**

ഡിസംബർ 20-ന് സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഗുണഭോക്താക്കളുടെ കോതമംഗലം റീജിയൺ സമ്മേളനം നടത്തി. സമ്മേളനത്തിൽ ഡയറക്ടർ ക്ലാസ്സെടുത്തു. തുടർന്ന് വിവിധ സ്വയംതൊഴിൽ കണ്ടെത്തൽ പരിപാടികൾക്കുള്ള ചെക്കുകൾ വിതരണം ചെയ്തു.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 1 /2019* **ശാന്തിനിലയം സന്ദർശനം**

ഡിസംബർ 15-ാം തീയതി രൂപതാഭാരവാഹികൾ മൂവാറ്റുപുഴ വാഴപ്പിള്ളിയിൽ സ്ഥിതിചെയ്യുന്ന ശാന്തിനിലയം സന്ദർശിക്കുകയും രൂപതയിലെ റിട്ടയർ ചെയ്ത വൈദികരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു. അവർക്ക് ക്രിസ്തുമസ് ആശംസാ കാർഡുകളും കത്തുകളും കൈമാറി.

*CML 2 /2019* **ജയിൽ സന്ദർശനം**

രൂപതാഭാരവാഹികൾ ഡിസംബർ 15-ാം തീയതി ഡയറക്ടർ അച്ചനോടൊപ്പം മൂവാറ്റുപുഴ സബ് ജയിൽ സന്ദർശിച്ച് വി. കുർബാന അർപ്പിച്ചു. ജയിൽ നിവാസികളോടൊപ്പം ക്രിസ്തുമസ് ആഘോഷിച്ചു.

*CML 3 /2019* **സീനിയേഴ്സ് മീറ്റ്**

ഡിസംബർ 16-ാം തീയതി നെസ്റ്റിൽ വച്ച് രൂപതയിലെ മുൻകാല മിഷൻലീഗ് ഭാരവാഹികളുടെ സംഗമം നടന്നു. അമ്പതിലധികം ഭാരവാഹികൾ പങ്കെടുത്തു. അന്നേദിവസം, മുൻ രൂപതാ ഡയറ്കടർമാരായ റവ. ഡോ. ജോർജ് ഓലിയപ്പുറത്തിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയും റവ. ഡോ. തോമസ് ജെ. പറയിടത്തിന്റെ പൗരോഹിത്യ രജതജൂബിലിയും ആഘോഷിച്ചു.

### *CML 4 /2019* ജപമാല സൈന്യസംഗമവും നവവൈദികരെ ആദരിക്കലും

ജനുവരി 26-ാം തീയതി രാവിലെ 9.00 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഇടവകകളിലെ ജപമാല സൈന്യാംഗങ്ങളുടെ സംഗമവും മിഷൻ ബോയ്സ്, മിഷൻ ഗേൾസ് സംഗമവും നടക്കുന്നു. അന്നേ ദിവസം രൂപതയിലെ രണ്ട് നവവൈദികരെയും ആദരിക്കുന്നു.

### *CML 5 /2019* പവർ പോയിന്റ് പ്രസന്റേഷൻ മത്സരവും ഫ്ളാഷ് മത്സരവും

പ്രവർത്തനവർഷത്തിലെ വിഷയമായ യുവജനവർഷം, ദൈവവിളി എന്നിവയുമായി ബന്ധപ്പെട്ട് ശാഖകൾ ചെയ്ത പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള പവർപോയിന്റ് പ്രസന്റേഷൻ മത്സരവും ഫ്ളാഷ് മത്സരവും ജനുവരി 26-ാം തീയതി രാവിലെ നെസ്റ്റിൽ വച്ച് നടത്തുന്നു.

**നിബന്ധനങ്ങൾ**

1) ഒരു ഇടവകയിൽനിന്നും രണ്ടുപേർ അടങ്ങുന്ന ഒരു ടീമിനാണ് മത്സരിക്കാൻ സാധിക്കുക.
2) 7 മിനിറ്റ് ആയിരിക്കും മത്സരസമയം.
3) 60% പ്രവർത്തനങ്ങളെയും 20% പവർ പോയിന്റിനെയും 20% അവതരണരീതിയെയും അടിസ്ഥാനമാക്കി ആയിരിക്കും മാർക്ക്.
4) മിഷൻലീഗ് മത്സരങ്ങളിലെ ഉയർന്ന പ്രായപരിധി ഈ മത്സരത്തിലും ബാധകമായിരിക്കും.

അന്നേ ദിവസം തന്നെ, രൂപതാകലോത്സവത്തിൽവച്ച് നടത്താൻ ഉദ്ദേശിച്ചിരുന്ന ഫ്ളാഷ് ഫോട്ടോഗ്രാഫി മത്സരം നടത്തുന്നതാണ്. ഒരു ഇടവകയിൽ നിന്നും എത്രപേർക്കുവേണമെങ്കിലും പങ്കെടുക്കാം.

*Director*

## കെ.സി.എസ്.എൽ.

### *KCSL 1/2019* പുതുവത്സരാശംസകൾ

പുത്തൻവർഷത്തിൽ എല്ലാ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുവാൻ പ്രാർത്ഥിക്കുന്നു. പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ സഖ്യാംഗങ്ങൾക്കും നല്ല വിജയം നേരുന്നു.



### *KCSL 2/2019* പഠനാനുഭവധ്യാനം

പഠനാനുഭവധ്യാനം ഏറ്റം മനോഹരമായ രീതിയിൽ നടന്നു. ജോർജി കാട്ടൂരച്ചനും പങ്കെടുത്തവർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

### *KCSL 3/2019* ഇന്റർ സ്കൂൾ ബൈബിൾ ക്വിസ് ഫൈനൽ മത്സരം

കെ.സി.എസ്.എൽ. ഇന്റർസ്കൂൾ ബൈബിൾ ക്വിസ് ഫൈനൽ മത്സരം മൂവാറ്റുപുഴ സെന്റ് അഗസ്റ്റിൻസ് HSS-ൽ വച്ച് നടന്നു. വിജയികൾക്കും അവരെ ഒരുക്കിയ ആനിമേറ്റർമാർക്കും അഭിനന്ദനങ്ങൾ.

**വിജയികൾ**

U.P. **വിഭാഗം**

1. റോസ് മരിയ പൗലോസ് & മേരി സിൻസ് ജോയി,
   സെന്റ് അഗസ്റ്റിൻസ് HSS, മൂവാറ്റുപുഴ
2. എലിസബത്ത് മരിയ ജോബ് & അലൻ ട്രീസ ജെയ്ബി
   ജയ് റാണി പബ്ലിക് സ്കൂൾ, കാളിയാർ
3. ഡോണ മാർട്ടിൻ & ശീതൾ ട്രീസ രാജൻ,
   സെന്റ് ജോർജ് UPS, കല്ലാനിക്കൽ

H.S. **വിഭാഗം**

1. അനഘിത മരിയ സന്തോഷ് & സ്റ്റെഫി ജിജോ എ.,
   സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ
2. ആൽബർട്ട് മൈക്കിൾ & ആനന്ദ് ജോ,
   സെന്റ് സെബാസ്റ്റ്യൻസ് HSS, തൊടുപുഴ
3. അന്ന മരിയ സോജൻ & ആൻ മരിയ സോജൻ,
   സെന്റ് അഗസ്റ്റിൻസ് HSS, കോതമംഗലം

H.S.S. **വിഭാഗം**

1. ആൻ മേരി പൈലി & മിന്നു സോജൻ,
   സെന്റ് അഗസ്റ്റിൻസ് HSS, കോതമംഗലം
2. അനറ്റ് സെബാസ്റ്റ്യൻ & ഡോണ ബിനോയി
   സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്
3. ഏയ്ഞ്ചൽ മേരി & ജോഷ്മി ജോബി,
   സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ

*KCSL 4/2019* **ആൽബം നിർമ്മാണ മത്സരം**

ഈ വർഷം വളരെ പ്രത്യേകമായി നടത്തിയ പ്രളയ ആൽബ നിർമ്മാണ മത്സരത്തിൽ 8 യൂണിറ്റുകൾ പങ്കെടുത്തു. അവർക്ക് അഭിനന്ദനങ്ങൾ നേരുന്നു. പങ്കെടുത്ത യൂണിറ്റുകൾ

1 വിമലമാതാ HSS, കദളിക്കാട് (ഒന്നാംസ്ഥാനം)
2 ജയ്റാണി പബ്ലിക് സ്കൂൾ, തൊടുപുഴ (രണ്ടാംസ്ഥാനം)
3 സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട് (മൂന്നാംസ്ഥാനം)
4 എൽ. എഫ്.എച്ച്.എസ്., ഊന്നുകൽ
5 സെന്റ് അഗസ്റ്റിൻസ് HSS, കല്ലൂർക്കാട്
6 സെന്റ് ജോസഫ് HS, ആരക്കുഴ
7 സെന്റ് ജോർജ് UPS, കല്ലാനിക്കൽ
8 സെന്റ് സെബാസ്റ്റ്യൻസ് UPS, തൊടുപുഴ

*KCSL 5/2019* **പവർ പോയിന്റ് പ്രസന്റേഷൻ മത്സരം**

**HS വിഭാഗം**

1. ആനന്ദ് ജോ- സെന്റ് സെബാസ്റ്റ്യൻസ് HS, തൊടുപുഴ
2. കെവിൻ സിബി - സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്
3. മെറിൻ ജെയിംസ് - സെന്റ് ജോസഫ് GHSS, ആരക്കുഴ

**HSS വിഭാഗം**

1. ആദ്യ സനിൽ ജോസഫ് - സെന്റ് അഗസ്റ്റിൻസ് GHSS, കോതമംഗലം
2. ആൻ മരിയ ബിജു - വിമലമാതാ HSS, കദളിക്കാട്
3. അഞ്ജന ആന്റണി - സെന്റ് സെബാസ്റ്റ്യൻസ് HSS, ആനിക്കാട്

*KCSL 6/2019* **ക്രിസ്തുമസ് കരോൾഗാന മത്സരം**

**UP വിഭാഗം**

1. ജയ് റാണി പബ്ലിക് സ്കൂൾ, തൊടുപുഴ
2. സെന്റ് ജോർജ് UPS, കല്ലാനിക്കൽ

**HS വിഭാഗം**

1. സെന്റ് ജോസഫ് GHS, ആരക്കുഴ
2. ജയ് റാണി പബ്ലിക് സ്കൂൾ, തൊടുപുഴ



**HSS വിഭാഗം**

1. സെന്റ് ജോർജ് HSS, മുതലക്കോടം
2. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

*KCSL 7/2019* **ക്രിസ്തുമസ് സന്ദേശ മത്സരം**

**UP വിഭാഗം**

1. ജയ് റാണി പബ്ലിക് സ്കൂൾ, തൊടുപുഴ
2. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്

**HS വിഭാഗം**

1. വിമല മാതാ HSS, കദളിക്കാട്
2. ജയ് റാണി EMHS, തൊടുപുഴ

**HSS വിഭാഗം**

1. സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്
2. സെന്റ് ജോസഫ് HSS, പൈങ്ങോട്ടൂർ

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 1/2019* **ഫൊറോന സന്ദർശനം**

രൂപതാഭാരവാഹികൾ ഡിസംബർ 3,4 തീയതികളിലായി പൈങ്ങോട്ടൂർ, കാളിയാർ, കരിമണ്ണൂർ, മുതലക്കോടം, കോതമംഗലം എന്നീ അഞ്ച് ഫൊറോനകൾ സന്ദർശിച്ചു. ഊന്നുകൽ, മൈലക്കൊമ്പ് ഫൊറോനകളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഡിസംബർ 19-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപത കൗൺസിൽ ചേർന്നു.

*FA 2 /2019* **രൂപതാഎക്സിക്യൂട്ടീവ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാഎക്സിക്യൂട്ടീവ് ജനുവരി 16 ബുധൻ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

*FA 3 /2019* **കുടുംബ നവീകരണ ധ്യാനം**

കുടുംബ നവീകരണ ധ്യാനം ജനുവരി 18 വെള്ളി വൈകിട്ട് 4 മുതൽ 20-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 4 /2019* **ഏലീശ്വാധ്യാനം**

ഗർഭിണികൾക്കും അവരുടെ ജീവിതപങ്കാളികൾക്കും വേണ്ടിയുള്ള ഏലീശ്വാധ്യാനം ജനുവരി 27 ഞായർ വൈകിട്ട് 4 മുതൽ 29-ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ.

*FA 5/2019* **Marriage Preparation Courses in Kerala, January 2019**

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week | 5th Week |
|---|---|---|---|---|---|---|
| Alappuzha | 8113934970 | | 11-13 | | | |
| Changanacherry | 0481-2424476 | | 7-9 | 21-23 | 28-30 | |
| Ernakulam(Kaloor) | 0484-2533077 | 6-8 | 14-16 | 21-23 | 28-30 | |
| Ernakulam(Kalady) | 0484-2462607 | | | 15-17 | 22-24 | 29-31 |
| Idukki | 04864222632,9447777935 | 4-6 | | | 25-27 | |
| Irinjalakuda | 0480-2880439,9447992216 | | 7-9 | 14-16 | 28-30 | |
| Kanjirappally | 0482-8205628,9497096431 | | 7-9 | 13-15 | 24-26 | |
| Kochi (Latin) | 0484-2328077,8547723791 | | | 10-13 | | |
| Kollam (Latin) | 0474-2749349,9645671314 | 2-4 | 9-11 | | 23-25 | |
| Kothamangalam | 0485-2989222,9495011191 | 2-4 | | 16-18 | | |
| Kottappuram (Latin) | 0480-2807733,9446605551 | 2-4 | | | | |
| Kottayam | 04812790947,9495080049 | 1-3 | | 17-19 | | |
| Kozhikode | 9349437053 | 3-5 | | | | |
| Mananthvady | 0493-5241335,9567764944 | | 6-9 | | 25-28 | |
| Mavelikkara(Malankara) | 9447366149 | | 11-13 | | | |
| Neyyattinkara (Latin) | 9447005093 | 9-11 | | | | |
| Palai | 0482-2210049 | 31-2 | | 14-16 | 28-30 | |
| Palakkad | 8281340073 | | 7-10 | | | |
| Pathanamthitta | 9496806089 | | 11-13 | | | |
| Sulthanpett | 9495911256 | | | | 20-21 | |
| Thalassery | 0490-2343414,9446679001 | | 8-10 | 15-17 | 22-24 | |
| Thamarassery | 0495-2730860,9495693810 | | 7-10 | | | |
| Thiruvalla | 9895556074 | | 8-10 | | 22-24 | |
| Thiruvananthapuram(Latin) | 9895092479 | | 11-13 | | 21-23 | |
| Thrissur | 0487-2336066,9605043327 | 2-4 | 9-11 | 16-18 | 23-25 | 30-1 |
| Varappuzha | 0484-2393739 | | 4-6 | 18-20 | | |
| Vijayapuram | 9447182300 | | 10-12 | | | |

*Director*



## മാതൃവേദി

*MV 1/2019* **അംഗത്വസ്വീകരണം**

ജനുവരി 1 മുതൽ 31 വരെ പുതിയ അംഗങ്ങൾക്ക് അംഗത്വം എടുക്കുവാനും വെബ്സൈറ്റിൽ പേര് ചേർക്കുവാനും അവസരം ഉണ്ടായിരിക്കും. 31-നു ശേഷം വെബ്സൈറ്റ് ക്ലോസ് ചെയ്യുന്നതായിരിക്കും. മാതൃവേദി സംഘടിപ്പിക്കുന്ന മത്സരങ്ങൾക്ക് അംഗത്വം നിർബ്ബന്ധമാണ്.

*MV 2/2019* **സമ്പൂർണ്ണ ബൈബിൾ പാരായണയജ്ഞം**

ജനുവരി 1 മുതൽ ഒരു വർഷത്തേക്ക് ബൈബിൾ പൂർണ്ണമായും വായിച്ചു തീർക്കുന്നതിനുള്ള ലീഫ്ലെറ്റ് രൂപതാകമ്മിറ്റി ഒരുക്കിയിരിക്കുന്നു. വചനമായ യേശുവിനെ കൂടുതൽ അനുഭവിച്ചറിയാനുള്ള ഈ അവസരം എല്ലാവരും ഉപയോഗപ്പെടുത്തുമല്ലോ.

*MV 3/2019* **മറിയം ത്രേസ്യാ ക്വിസ്**

ജനുവരി 11-ാം തീയതി രാവിലെ 10.00 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാതലത്തിൽ മറിയം ത്രേസ്യ ക്വിസ് നടത്തുന്നതാണ്.

*MV 4/2019* **ഉണർവ്വ്**

ജനുവരി 15-ാം തീയതി ഉണർവ്വ് 2018-ന്റെ വാർഷികവും, 2019 ഉണർവ്വിന്റെ പുതിയ അദ്ധ്യയനവർഷ ഉദ്ഘാടനവും നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

*MV5/2019* **മൈലാപ്പൂർ തീർത്ഥയാത്ര**

രൂപത മാതൃവേദി സംഘടിപ്പിക്കുന്ന മൈലാപ്പൂർ തീർത്ഥയാത്ര ഫെബ്രുവരി 17-ന് വൈകുന്നേരം പുറപ്പെട്ട് 19-ന് രാവിലെ തിരിച്ചെത്തുന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. AC ബസിൽ ആണ് യാത്ര. കുടുംബമായി പോകാൻ താൽപര്യമുള്ളവർക്ക് ഈ അവസരം ഉപയോഗപ്പെടുത്താം. എല്ലാ ചെലവുകളും ഉൾപ്പെടെ 2500 രൂപയാണ് ഫീസ്. താല്പര്യമുള്ളവർ 500 രൂപ അഡ്വാൻസ് നൽകി മാതൃവേദി ഭാരവാഹികളുടെ അടുത്ത് പേര് രജിസ്റ്റർ ചെയ്യുക.

*Director*

## DCMS

*DCMS 1/2019* **DCMS മഹാസമ്മേളനം മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ**

1 മുസ്ലീം സമുദായത്തിനുവേണ്ടി രൂപീകരിച്ച സച്ചാർകമ്മിറ്റി പോലെ ഇന്ത്യയിലെ ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ ജീവിത സാഹചര്യങ്ങൾ പഠിക്കാനും ക്ഷേമപദ്ധതികൾ ആവിഷ്കരിക്കനും പഠനസമിതി രൂപീകരിക്കണം.

2 ദലിത് ക്രൈസ്തവർക്കും പട്ടികജാതി സംവരണം ലഭ്യമാക്കുന്നതിന് 1950 ആഗസ്റ്റ് 10-ലെ പ്രസിഡൻഷ്യൽ ഓർഡർ പിൻവലിക്കുക.

3 2004 മുതൽ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കുക.

4 പട്ടികജാതി പട്ടികവർഗലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്യുക.

5 കേരള സർക്കാരിന്റെ പരിധിയിൽ നിന്നുകൊണ്ടു ചെയ്യാവുന്ന ആനുകൂല്യങ്ങൾ ചെയ്യുക.

6 ജസ്റ്റീസ് രംഗനാഥമിശ്ര കമ്മീഷൻ ശുപാർശ നടപ്പാക്കുക. ദലിത് അതിക്രമങ്ങൾ അവസാനിപ്പിക്കുക.

ഇതിനെതിരെ പ്രതികരിക്കുന്നതിനും സമൂഹമദ്ധ്യത്തിൽ ഉയർത്തുന്നതിനും 2018 ഡിസംബർ 7-ാം തീയതി DCMS സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ കോട്ടയം ഗുഡ്ഷെപ്പേർഡ് പള്ളിയിൽ നിന്നും 2.00 pm ആരംഭിച്ച പ്രകടനം 4.00 pm-ന് കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് എത്തുകയും DCMS സംസ്ഥാന പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച പൊതുയോഗം ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത, മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. സ്വാഗതസംഘം ചെയർമാൻ ഫാ. ജോസ് വടക്കേക്കുറ്റ് വിഷയ അവതരണം നടത്തി. മുഖ്യപ്രഭാഷകൻ ശ്രീ. പ്രകാശ് അംബേദ്കർ Ex. MP (ദളിത് ദേശീയ നേതാവ്), മാർ മാത്യു മൂലക്കാട്ട്, റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കത്തേശ്ശേരിയിൽ, മാർ ജേക്കബ് മുരിക്കൻ, റൈറ്റ് റവ. ഡോ. സിൽവെസ്റ്റർ പൊന്നുമുത്തൻ, മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ എന്നിവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി. കോതമംഗലം രൂപതയിൽ നിന്നും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിലിന്റെ നേതൃത്വത്തിൽ 130-ഓളം ആളുകൾ പങ്കെടുത്തു.

*Director*



## മദ്യവിരുദ്ധ സമിതി

*MV 1/2019* **പുതിയവർഷത്തെ പ്രവർത്തനങ്ങൾ**

2018 ഡിസംബർ 10-ന് തൊടുപുഴ വിജ്ഞാനമാതാ പള്ളിയിൽ വച്ച് 10.00 am മുതൽ 12.30 pm വരെ ടീം വിപുലീകൃതപ്രോഗ്രാം നടന്നു. റവ. ഫാ. ജോസഫ് മക്കോളിൽ, റവ. ഫാ. ജയിംസ് കക്കുഴി എന്നിവർ നേതൃത്വം നല്കി. രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലഹരി വിമുക്ത കൂട്ടായ്മകൾ സന്ദർശിക്കുകയും 14-12-2018-ന് 2.30 pm -മുതൽ 7.00 pm വരെ തൊടുപുഴ വിജ്ഞാനമാതാ പള്ളിയിൽ വച്ച് ദിവ്യകാരുണ്യ ആരാധന നടത്തുകയും 2018 ഡിസംബർ 17-ന് 2.30 മുതൽ കഴിഞ്ഞകാല നേതൃനിര അംഗങ്ങളുമായി ഒന്നുചേർന്ന് പ്രവർത്തനപദ്ധതി തയ്യാറാക്കുന്നതിന് തൊടുപുഴ വിജ്ഞാനമാതാ ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ചെയ്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 1/2019* **രൂപതാകമ്മിറ്റി യോഗങ്ങൾ**

നവംബർ 30-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാകമ്മിറ്റിയോഗം ചേർന്നു. എല്ലാ ഫൊറോനയിലും മാധ്യമജാഗ്രത സെമിനാർ നടത്താൻ തീരുമാനിച്ചു. ഡിസംബർ 8-ന് തൊടുപുഴ ടൗൺ പള്ളി പാരീഷ് ഹാളിൽ വച്ച് രൂപതാഎക്സിക്യൂട്ടീവ് യോഗവും ചേർന്നു.

*DFC 2/2019* **ഫൊറോന കമ്മിറ്റിയംഗങ്ങൾ**

ഡിസംബർ 5-ന് കോതമംഗലത്തും 8-ന് തൊടുപുഴയിലും ഫൊറോനകമ്മിറ്റിയോഗങ്ങൾ നടന്നു. നവീകരിച്ച ദീപിക ഇടുക്കി ജില്ലാ ബ്യൂറോ ഓഫീസിന്റെ ഉദ്ഘാടനം ഡിസംബർ 15 ശനിയാഴ്ച 4.00 pm-ന് തൊടുപുഴ ടൗൺ പള്ളി പാരീഷ് ഹാളിൽ ചേർന്ന യോഗത്തിൽ മന്ത്രി എം. എം. മണി നിർവഹിച്ചു. യോഗത്തിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ അദ്ധ്യക്ഷനായിരുന്നു. പി.ജെ. ജോസഫ് MLA, ജോയ്സ് ജോർജ് MP തുടങ്ങിയവർ പങ്കെടുത്തു.

*DFC 3/2019* **മാധ്യമ ജാഗ്രത സെമിനാറുകൾ**

ഡിസംബർ 16-ന് ഊന്നുകല്ലിലും 17-ന് കോതമംഗലത്തും മാധ്യമ ജാഗ്രത സെമിനാറുകൾ നടന്നു. ഊന്നുകല്ലിൽ ഫാ. ജിനോ പുന്നമറ്റത്തിലും കോതമംഗലത്ത് ഫാ. റോയി കണ്ണംചിറയും സെമിനാറുകൾക്ക് നേതൃത്വം നൽകി.

*DFC 4/2019* **സ്റ്റേറ്റ് കമ്മിറ്റി യോഗം**

പുതുതായി തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് കമ്മിറ്റിയുടെ ആദ്യ സമ്പൂർണ്ണയോഗം ഡിസംബർ 20 വ്യാഴാഴ്ച 10.30 am മുതൽ 3.30 pm വരെ കോട്ടയം ദീപിക ഓഫീസിൽ വച്ച് ചേർന്നു. പുതിയ പ്രസ്സ് പൂർണ്ണ തോതിൽ പ്രവർത്തിച്ചു തുടങ്ങിയ പശ്ചാത്തലത്തിൽ രൂപതകളിലെ ഡി.എഫ്.സി പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കാൻ തീരുമാനിച്ചു.

*Co-ordinator*

## യുവദീപ്തി

*YD 1/2019* **മഹായുവജനസംഗമവും രൂപതാതല യുവജനവർഷ സമാപനവും**

2018 ജനുവരി 6-ന് ആരംഭിച്ച നമ്മുടെ യുവജനവർഷാചരണപരിപാടികൾ സമാപനത്തിൽ എത്തിനിൽക്കുകയാണല്ലോ. യുവജനവർഷ സമാപനത്തോടനുബന്ധിച്ച് നമ്മുടെ രൂപതയിലെ മുഴുവൻ യുവജനങ്ങളും ഒരുമിച്ച് ചേരുന്ന 'മഹായുവജനസംഗമം' 2019 ജനുവരി 5-ന് വാഴക്കുളം വിശ്വജ്യോതി കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കുന്ന സംഗമത്തിലേക്ക് ഇടവകയിലെ മുഴുവൻ യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമല്ലോ. തദവസരത്തിൽ തന്നെ രൂപതാതല യുവജനവർഷാചരണത്തിന്റെ ഔദ്യോഗിക സമാപനവും നടത്തപ്പെടുന്നു. രൂപതയിലെ യുവജന കുടുംബത്തിന്റെ ഈ ഒത്തുചേരലിലേക്ക് എല്ലാ യുവജനസുഹൃത്തുക്കളെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

*YD 2/2019* **ഫൊറോന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് മീറ്റ്**

ഫൊറോന ഡയറക്ടർമാരുടെയും, ആനിമേറ്റർമാരുടെയും യോഗം ഡിസംബർ 28-ന് ഉച്ചയ്ക്ക് 2.00 മണി മുതൽ 4 മണിവരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്റൽ സെന്ററിൽ വച്ച് നടത്തി. ഫൊറോന ഡയറക്ടർ, അസി. ഡയറക്ടർ, ആനിമേറ്റർ എന്നിവർ പങ്കെടുത്തു. എല്ലാവർക്കും നന്ദി.

*Director*



## ജീസസ് യൂത്ത്

*JY 1/2019* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ജനുവരി 11-ന് നൈറ്റ് വിജിൽ നടത്തുന്നു.

*JY 2/2019* **ക്യാമ്പസ് ലീഡേഴ്സ് സംഗമം**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ക്യാമ്പസ് ലീഡേഴ്സ് സംഗമം ജനുവരി 12-ന് നടത്തുപ്പെടുന്നു.

*Animator*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 1/2019* **വാർഷിക സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി ചുമതലയേറ്റതിന്റെ ഒന്നാം വാർഷികം 09-12-2018 -ൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ വച്ച് ആഘോഷിച്ചു. സമ്മേളനത്തിൽ എത്തിച്ചേർന്നവർക്കുവേണ്ടി തൊടുപുഴ ഫൊറോന പള്ളിവികാരി റവ. ഫാ. ജിയോ തടിക്കാട്ട് ദിവ്യബലി അർപ്പിച്ചു.

സെന്റ് സെബാസ്റ്റ്യൻസ് ഗ്രൗണ്ടിൽ ചേർന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗത്തിന് മുന്നോടിയായി ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം പതാക ഉയർത്തി. തുടർന്ന് നടന്ന ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി യോഗത്തിൽ സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. സീറോ മലബാർ കൂരിയ ചാൻസിലർ റവ. ഡോ. ആന്റണി കൊള്ളന്നൂർ സമ്മേളനം ഉദ്ഘാടനം ചെയ്തു.

പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി നിറവിലുള്ള കത്തോലിക്കാ കോൺഗ്രസ്സ് കോതമംഗലം രൂപത ഡയറക്ടറും കോതമംഗലം രൂപത വികാരി ജനറാളുമായ മോൺ. ജോർജ് ഓലിയപ്പുറം അച്ചനെ

സമ്മേളനത്തിലെ മുഖ്യ അതിഥിയായ ശ്രീ. പി.ജെ. ജോസഫ് MLA പൊന്നാട അണിയിച്ച് ആദരിച്ചു. 50 വർഷത്തെ ഓലിയപ്പുറം അച്ചന്റെ നിസ്വാർത്ഥമായ സേവനം മാതൃകാപരമാണെന്നും വിശുദ്ധ ജീവിതത്തിന്റെ ഉടമയാണ് ജൂബിലേറിയനെന്നും ശ്രീ. പി. ജെ. ജോസഫ് പറഞ്ഞു. സമ്മേളനത്തിൽ ഗ്ലോബൽ സമിതി നേതാക്കൾക്കൊപ്പം കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാ സമിതി അംഗങ്ങളും പങ്കെടുത്തു.

*Director*

## അല്മായഫ്രാൻസിസ്കൻ സഭ

### *SFO 1/2019* രൂപതാതലവാർഷികം

ഫ്രാൻസിസ്കൻ അല്മായ സഭയുടെ കോതമംഗലം രൂപതാതല വാർഷികം 20-11-2018-ന് വണ്ടമറ്റം സെന്റ് ജോർജ് ദൈവാലയാങ്കണത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ രൂപതാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. മൈക്കിൾ പുറശ്ശേരിൽ OFM Cap, റവ. ഫാ. സോമി എബ്രാഹം OFM Cap, റവ. ഫാ. സേവ്യർ കരുവേലിക്കോണം OFM Cap, റവ. ഫാ. ജോർജ് മുണ്ടയ്ക്കൽ എന്നിവർ സന്ദേശം നൽകി. ബ്ര. അരുൺ കാട്ടരുകുടിയിൽ, ബ്ര. സോജൻ നടുക്കുടി, ബ്ര. ടെൻസൺ ജോസഫ് എന്നീ റീജിയൺ മിനിസ്റ്റർമാർ ആശംസകൾ അർപ്പിച്ചു.

“ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ” ഒരവലോകനം. ബ്ര. കെ.സി. ജോർജ് അവതരിപ്പിച്ചു. ബ്ര. ഷിജി മാത്യു നന്ദി പ്രകാശിപ്പിച്ചു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

### *SV 1/2019* കാരുണ്യമുഖം

കഴിഞ്ഞ ജൂലൈ ആഗസ്റ്റ് മാസങ്ങളിലെ പ്രളയക്കെടുതിയിൽ മണ്ണിടിച്ചിലിൽ വീടുനഷ്ടപ്പെട്ട ഒരു കുടുംബത്തിന് ഭവനനിർമ്മാണത്തിനായി 6 സെന്റ് സ്ഥലം നൽകികൊണ്ട് മാതൃകയായിരിക്കുകയാണ് കോതമംഗലം സെൻട്രൽ കൗൺസിൽ മുൻ പ്രസിഡന്റും ഇപ്പോൾ സീനിയർ വൈസ് പ്രസിഡന്റുമായ ബ്ര. സേവ്യർ മുണ്ടത്താനം. സഹജീവികളുടെ വേദനകളിലും ബുദ്ധിമുട്ടുകളിലും ആശ്വാസമേകിക്കൊണ്ട് കഴിഞ്ഞ 55 വർഷമായി വിൻസെന്റ് ഡിപോൾ സംഘടനയിൽ സജീവമായി പ്രവർത്തിച്ചുവരികയാണ് അദ്ദേഹം. പ്രളയക്കെടുതി ബാധിച്ച ചീനിക്കുഴി, പെരിങ്ങാശ്ശേരി പ്രദേശങ്ങളിൽ വിൻസെന്റ് ഡി പോൾ പ്രവർത്തകർ നടത്തിയ സന്ദർശനത്തിലാണ് പലർക്കും ഭവനത്തോടൊപ്പം അത് സ്ഥിതിചെയ്തിരുന്ന സ്ഥലവും നഷ്ടപ്പെട്ട അവസ്ഥ ബോദ്ധ്യമാകുന്നത്. ഭവനനിർമ്മാണത്തിന് സ്ഥലം നഷ്ടപ്പെട്ട ഒരാൾക്ക് സ്ഥലം നൽകുന്നതിനെക്കുറിച്ച് കുടുംബാംഗങ്ങളുമായി ആലോചിക്കുകയും അവർ അതിന് സസന്തോഷം സമ്മതം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ കാരുണ്യപ്രവർത്തനം മറ്റുള്ളവർക്കും ഒരു മാതൃകയായിരിക്കയാണ്.



### *SV 2/2019* കാരുണ്യത്തിന്റെ തൂവൽ സ്പർശം

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വണ്ണപ്പുറം മാർസ്ലീവ വനിതാ കോൺഫ്രൻസിന്റെ പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടിയും ഭർത്താവ് ശ്രീ. ജോണി മുണ്ടയ്ക്കാമറ്റവും തങ്ങളുടെ വിവാഹജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്ക് ആരംഭംകുറിച്ചത് സ്വന്തം ഭൂമിയിൽനിന്നും 5 സെന്റ് സ്ഥലം ഇടുക്കിജില്ലയിലെ പെരിഞ്ചാംകുട്ടി സ്വദേശികളായ ഒരു നിർദ്ധന കുടുംബത്തിലെ അംഗത്തിന് സൗജന്യമായി നല്കിക്കൊണ്ടാണ്. 2018 നവംബർ 24-ന് മാർ സ്ലീവ പള്ളിയിൽ നടന്ന കൃതജ്ഞതാ ബലിക്കുശേഷം പാരീഷ് ഹാളിൽ ചേർന്ന അനുമോദനയോഗത്തിൽ വച്ച് പള്ളിവികാരി ഫാ. മാത്യു വടക്കുംപാടം, ഫാ. ജോൺസൺ ഒറോപ്ലാക്കൽ, ഫാ. ജോസഫ് മുണ്ടയ്ക്കാമറ്റം എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ നിരവധി വിൻസെന്റ് ഡി പോൾ പ്രവർത്തകരെയും ജോണി- മേരിക്കുട്ടി ദമ്പതികളുടെ ഒട്ടനേകം ബന്ധുക്കളേയും സുഹൃത്തുക്കളെയും സാക്ഷി നിർത്തി ശ്രീ. പി.ജെ. ജോസഫ് എം.എൽ.എ. ഗുണഭോക്താവിന് ഭൂമിയുടെ രേഖകൾ കൈമാറി.

വിൻസെൻഷ്യൻ കാരുണ്യത്തിന്റെ ശോഭ കൂടുതൽ തേജോമയമാക്കിക്കൊണ്ട് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, പാലക്കാട് സെൻട്രൽ കൗൺസിലിന്റെ വൈസ് പ്രസിഡന്റും റിട്ട. അധ്യാപകനുമായ മണ്ണാർക്കാട് കാഞ്ഞിരപ്പുഴ സ്വദേശി നെടിയകാലായിൽ തോമസ് മാസ്റ്റർ ഈ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനുള്ള മുഴുവൻ ചെലവുകളും ഏറ്റെടുത്തു.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 1/2019* **പുതിയ ഭാരവാഹികൾ**

കേരള ലേബർ മൂവ്മെന്റ് കോതമംഗലം രൂപത ജനറൽ ബോഡി മീറ്റിംഗ് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേർന്നു. പുതിയ ഭാരവാഹികളായി Adv.Thomas Mathew, Arakuzha (President), Ancy Jose Chakkungal, Perumpillichira (General Secretary), Johnson Mollathu, Mullaringadu (Treasurer) Roy Kavattu, Kolady (Organizer), Teddy Thekkekara, Vazhakulam (Vice President), Lillykutty Kunnumpurathu, Kothamangalam, Paulson Mathew Vaniyakizhakkel, Vandamattom, Sunny Mathew, Chennamkulam, Thodupuzha (Secretary), Silvy Thekkekkuttu, Randar, Mercy Sojan Ellathukudy, Oonnukal, Jolly Joseph Padinjaremuriyil, Muthalakodam Wilson Varghese Pullarackal, Kothamangalam എന്നിവരെ തെരഞ്ഞെടുത്തു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, ആനിമേറ്റർ സി. ഷീൻ മരിയ CHF എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

*KLM 2/2019* **പാലിയേറ്റീവ് റിസോഴ്സ് ടീം മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള പാലിയേറ്റീവ് ഹോം കെയർ സർവ്വീസിന്റെ റിസോഴ്സ് ടീം മീറ്റിംഗ് ജനുവരി 2-ാം തീയതി 10 മണിക്ക് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കും.

*Director*

## നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Jan. | 2 - 4 | - | Pre-Marriage Course |
| " | 11 | - | Mathruvedi Programme |
| " | 12 - 13 | - | KCYM വാർഷിക കൗൺസിൽ |
| " | 16 - 18 | - | Pre- Marriage Course |
| " | 26 | - | CML Programme |
| " | 29 - 30 | - | Batch Gathering |

*Director*



## തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Sebastian Arolichalil | January | 20 |
| " | Sebastian Kadambanatt | " | 20 |
| " | Sebastian Kanimattathil | " | 20 |
| " | Sebastian Konthempillil | " | 20 |
| " | Sebastian Namattathil | " | 20 |
| " | Sebastian Pannarakunnel | " | 20 |
| " | Sebastian Pothanamuzhi | " | 20 |
| " | Sebastian Thumbamattathil | " | 20 |
| " | Sebastian Thuruthippillil | " | 20 |
| " | Sebastian Valiyathazhathu | " | 20 |
| " | Sebastian Valloppillil | " | 20 |

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**നവംബർ 2018**

21 • കല്ലാനിക്കൽ, സെന്റ് ജോർജ് ദൈവാലയത്തിൽ വച്ച് പള്ളത്ത് ജോർജ് - ത്രേസ്യാ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ പോളിന് പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

22 • ആമ്പല്ലൂർ, സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

24 • കറുകടം, ലവേർണയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• നടുക്കര, സെന്റ് മാത്യൂസ് ദൈവാലയത്തിൽ വച്ച് നടത്തിയ കടമ്പനാട്ട് ബഹു. സെബാസ്റ്റ്യൻ അച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

25 • കരിമണ്ണൂർ, സെന്റ് മേരീസ് പാരീഷ്ഹാളിൽ വച്ച് Sunday Catechism 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി കരിമണ്ണൂർ ഫൊറോന അടിസ്ഥാനത്തിൽ നടത്തിയ സെമിനാറിൽ പങ്കെടുത്ത് സന്ദേശം നൽകി.

26 ● കോതമംഗലം, CMC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി.

27 ● കപ്പുച്ചിൻ സഭാംഗമായ ഡീ. ജോർജ് താന്നിയ്ക്കാപ്പാറയ്ക്ക് മുണ്ടൻമുടി സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് വൈദികപട്ടം നൽകി.

**ഡിസംബർ 2018**

12 ● തൊടുപുഴ, SABS പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി.

● SD സന്യാസിനീ സമൂഹാംഗമായ സി. കൺസപ്റ്റായുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് കോതമംഗലം, SD പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

14 ● പ്രളയം മൂലം ദുരിതത്തിലായവർക്ക് നൽകുവാൻ സ്വരൂപിച്ച Flood relief fund വിതരണം ചെയ്യുവാൻ ബിഷപ്സ് ഹൗസിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

15 ● തൊടുപുഴ, സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ മാതാക്കൾക്കുവേണ്ടി നടത്തിയ ധ്യാനത്തിൽ സമാപന സന്ദേശം നൽകി.

● തൊടുപുഴയിൽ പുതുതായി ആരംഭിച്ച DFC ഓഫീസിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

16 ● മുട്ടത്തുപാറ, സെന്റ് മേരീസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

17 ● പെരിങ്ങഴ, കോടമുള്ളിൽ ഉലഹന്നൻ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

18 ● ബിഷപ്സ് ഹൗസിൽ നടന്ന പ്രെസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

19 ● കോതമംഗലം, SH പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി.



# BISHOP'S *Engagements*

## January 2019

| | | | | |
|---|---|---|---|---|
| 03 | Thu | Ordination | Muthalakodam | 09.15 am |
| 05 | Sat | Ordination | Nellimattam | 09.15 am |
| | | Meeting | Viswajyothi Engineering College, Vazhakulam | 12.30 pm |
| | | Meeting | POC, Palarivattom | 03.00 pm |
| 06 | Sun | Blessing of the Altar | Kalloorkad | 07.00 am |
| 07-18 | | Synod of Bishops | Mount St. Thomas, Kakkanad | |
| 19 | Sat | Meeting | NESTT | 03.00 pm |
| 20 | Sun | Pastoral Visit | Punnamattom | |
| | | Jubilee | Kuninji | 03.30 pm |
| 22 | Tue | Baptism | Anicadu | 09.30 am |
| 24 | Thu | Convocation | Dharmagiri Nursing College, Thankalam | 10.30 am |
| 25 | Fri | Message | Cathedral | 05.00 pm |
| | | Eparchial Prayer Day | Marika | |
| 26 | Sat | Holy Communion | Perinchamkutty | 07.30 am |
| | | Benefactors' Day | Minor Seminary | 01.30 pm |
| 27 | Sun | Pastoral Visit | Peringassery, Uppukunnu | |
| 30 | Wed | Baptism | Muvattupuzha | 09.30 am |

## സന്യാസസമൂഹങ്ങളുടെ പുതിയ ഭാരവാഹികൾ

### Provincial Officials of CMC Pavanathma Province Kothamangalam

Provincial Superior - Rev. Sr. Navya Maria CMC
Asst. Provincial - Rev. Sr. Devotia CMC
Councillors - Rev. Sr. Caroline CMC
Rev. Sr. Mariancy CMC
Rev. Sr. Liceena CMC
Rev Sr. Juliett CMC
Provincial Secretary - Rev. Sr. Ancilet CMC
Finance Officer - Rev. Sr. Rosily CMC
Provincial Oditer - Rev. Sr. Ann Grace CMC

## Provincial Officials of FCC Vimala Province Kothamangalam

| | | |
|---|---|---|
| Provincial Superior | - | Rev. Sr. Lucitta FCC |
| Asst. Provincial | - | Rev. Sr. Rani FCC |
| Councillors | - | Rev. Sr. Anto FCC |
| | | Rev. Sr.Jyothis FCC |
| | | Rev. Sr. Celine Mathew FCC |
| Finance Officer | | Rev Sr. Grace Mariz FCC |
| Provincial Secretary | - | Rev. Sr. Jancy Abraham FCC |

## Provincial Officials of SABS St. Mary's Province Kothamangalam

| | | |
|---|---|---|
| Provincial Superior | - | Rev.Sr. Grace Kochupaliyathil SABS |
| Vicar Provincial | - | Rev. Sr. Birgit Muthuplackal SABS |
| Councillors | - | Rev. Sr. Monica Mudavanattu SABS |
| | | Rev. Sr. Philamine Pulickal SABS |
| | | Rev. Sr. Celine Vattakkatt SABS |
| | | Rev. Sr. Monica Paimpillil SABS |
| Finance Officer | - | Rev. Sr. Ancy Palakkattu SABS |
| Provincial Secretary | - | Rev. Sr. Lissia Nellamkuzhy SABS |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. അഗസ്റ്റിൻ പള്ളിക്കുന്നേൽ | ചരമദിനം | 01-02-2011 |
| ഫാ. ജോർജ് പുഞ്ചേക്കുന്നേൽ | ” | 03-02-2014 |
| ഫാ. മാത്യു മുണ്ടയ്ക്കൽ (ഈശോ അച്ചൻ) | ” | 10-02-2016 |
| ഫാ. ജോസഫ് പാറയിൽ | ” | 12-02-2017 |
| ഫാ. ജോസ് പുന്നോലിൽ | ” | 14-02-1996 |
| ഫാ. ജേക്കബ് നെടുങ്കല്ലേൽ | ” | 17-02-2007 |
| ഫാ. ജോൺ വലിയമറ്റം | ” | 19-02-1999 |
| ഫാ. മാത്യു കുന്നത്ത് | ” | 25-02-1998 |
| ഫാ. തോമസ് തോളത്തിൽ | ” | 26-02-2000 |
| ഫാ. ജോർജ് കാഞ്ഞിരക്കൊമ്പിൽ | ” | 29-02-2016 |



## നിര്യാതരായി

### സി. സൂസന്നാ CSN (പേരയിൽ)

| | | |
|---|---|---|
| ജനനം | - | 27.09.1928 |
| ആദ്യവ്രതം | - | 19.03.1952 |
| നിത്യവ്രതം | - | 17.03.1958 |
| മരണം | - | 09.12.2018 |
| മൃതസംസ്കാരം | - | 10.12.2018 (രാമല്ലൂർ) |

### സി. ആനി തെരേസ് FCC (വരിക്കശ്ശേരിൽ)

| | | |
|---|---|---|
| ഇടവക | - | കരിമണ്ണൂർ |
| ജനനം | - | 23.12.1925 |
| ആദ്യവ്രതം | - | 01.07.1945 |
| നിത്യവ്രതം | - | 01.06.1950 |
| മരണം | - | 21.12.2018 |
| മൃതസംസ്കാരം | - | 22.12.2018 (ഈസ്റ്റ് വാഴപ്പിള്ളി) |